398
VOL. 17 | ISSUE 10
Pages 16

# ഹാലേലൂയ്യ

16-31 MAY, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

***ഐ.പി.സി. പ്രസിഡന്റാകുമെന്ന് സ്വപ്നം കാണുന്നതിന് രണ്ടു വർഷം മുമ്പ് 2011 ജനുവരിയിൽ ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച പാസ്റ്റർ ജേക്കബ് ജോണിന്റെ അഭിമുഖം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു. ആ പദ്ധതിയാണ് ഇപ്പോൾ കുമ്പനാട്ട് നടപ്പിലാകുന്നത്***

## കുമ്പനാട്ട് പത്ത് കോടിയുടെ വികസനം നടപ്പിലാക്കണം: പാസ്റ്റർ ജേക്കബ് ജോൺ



സമീപകാലത്ത് ഐ.പി.സി പ്രസ്ഥാനത്തിന് വേണ്ടി ഏറ്റവുമധികം ഫണ്ട് ശേഖരിക്കുകയും അത് കൃത്യമായി സഭക്ക് നൽകുകയും ചെയ്ത പാസ്റ്റർ ജേക്കബ് ജോൺ കുമ്പനാട്ട് പത്ത് കോടി രൂപയുടെ വികസന പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നു. അദ്ദേഹവുമായി ഹാലേലൂയ്യാ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

*? എന്തടിസ്ഥാനത്തിലാണ് കുമ്പനാട്ട് 10 കോടി രൂപയുടെ വികസന പ്രവർത്തനം നടത്തണമെന്ന് താങ്കൾ പറയുന്നത്?*

ഇത്തവണത്തെ കുമ്പനാട് കൺവൻഷന്റെ സമാപന ഞായറാഴ്ച തിരുവത്താഴ ശുശ്രൂഷ ആകെ അവതാളത്തിലായിരുന്നു. കുമ്പനാട്ട് ഏറ്റവും ഭക്തിയോടെ നടന്നു വന്നിരുന്ന തിരുവത്താഴ ശുശ്രൂഷ ഇത്തവണ ഇത്ര വികലമാകുവാൻ കാരണം ആരാധനയിൽ പങ്കെടുക്കുവാൻ അഭൂതപൂർവ്വമായ തിരക്ക് ഉണ്ടായതിനാലാണ്. പന്തലിലും, ഹെബ്രോൻ ചാപ്പലിലും, ഇന്ത്യാ ബൈബിൾ കോളജിലും എന്തിനേറെ റോഡിൽ വരെ തിരുവത്താഴ പാത്രങ്ങളുമായി പോകേണ്ടി വന്നു. ആയിരങ്ങൾ വെയിലത്ത് നിന്നുകൊണ്ടാണ് ശുശ്രൂഷയിൽ പങ്കാളികളായത്. ഐ.പി.സി പോലെ വലിയൊരു പ്രസ്ഥാനത്തിന് ഇത് അപമാനകരമാണ്. കുമ്പനാട്ട് അടിയന്തിരമായി പന്തൽ പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്.

*? കൺവൻഷൻ നടത്താൻ പോലും ആവശ്യത്തിന് പണം ഇല്ലാത്ത സ്ഥിതിയിൽ ഇത്ര വലിയ തുക എങ്ങനെ കണ്ടെത്തും?*

ഐ.പി.സി ക്കാർക്ക് പണമില്ലെന്ന് പറഞ്ഞാൽ നാണക്കേടാണ്. ഇന്ത്യയിലെ ഒട്ടുമിക്ക പ്രസ്ഥാനങ്ങളും ഐ.പി.സിക്കാരുടെ പണം പിരിച്ചുകൊണ്ടു പോകുന്നു. പിന്നെ നമ്മുടെ സഭയുടെ ആവശ്യത്തിന് പണം ഇല്ലെന്ന് പറയുന്നതിൽ അർത്ഥമില്ല.

*? എന്താണ് താങ്കൾ മുമ്പോട്ട് വയ്ക്കുന്ന പ്രൊജക്റ്റ്?*

ഞാനങ്ങനെ ഒരു പ്രൊജക്റ്റും പറയുന്നില്ല. എനിക്കതിന് അധികാരവുമില്ല. എന്നാൽ ഞാൻ നടത്തിയ പഠനത്തിൽ നിന്ന് മനസ്സിലാക്കിയ കാര്യങ്ങൾ പറയാം. കൺവൻഷൻ പന്തൽ കിഴക്കു പടിഞ്ഞാറു ഭാഗത്തേക്ക് മാക്സിമം വിപുലമാക്കണം. പ്രധാനമായും ഇപ്പോൾ ഓഡിറ്റോറിയം സ്ഥിതി ചെയ്യുന്ന സ്ഥലം കൂടെ പ്രയോജനപ്പെടുത്തിയാൽ ഗ്രൗണ്ടിന്റെ വിസ്തൃതി 30% എങ്കിലും വർദ്ധിക്കും.

കിഴക്കു പടിഞ്ഞാറേ അറ്റത്തായി സ്റ്റേജ് പണിയണം. ഇപ്പോഴത്തെ ഓഡിറ്റോറിയത്തിന്റെ ഇരട്ടി വലുപ്പമുള്ള ഒരു ഓഡിറ്റോറിയം ഇവിടെ പണിതാൽ അത് സ്റ്റേജായും ഉപയോഗിക്കാം. അതിന്റെ ബെയ്സ്മെന്റ് മെസ് ഹാളായും ഉപയോഗപ്പെടുത്തണം. കൂടാതെ ഓഡിറ്റോറിയത്തിന്റെ മുകളിൽ നാലോ അഞ്ചോ നിലകൾ പണിയണം.

*? പാർക്കിങ്ങാണല്ലോ കുമ്പനാട്ടെ വലിയ പ്രശ്നം?*

അതേ. അതിനെക്കുറിച്ചും ഞാൻ പരിശോധിച്ചു. ഹെബ്രോൻ കോമ്പൗണ്ടിന് സമീപം ഇപ്പോഴും ഏക്കറുകണക്കിന് സ്ഥലം വിൽക്കുവാനുണ്ട്. അടിയന്തിരമായി ആ സ്ഥലം വാങ്ങി സ്ഥിരമായി പാർക്കിംഗ് സംവിധാനവും ഉണ്ടാക്കണം.

*? എവിടുന്ന് പണം പിരിക്കും? ആര് പിരിക്കും?*

നേരത്തെ ഞാൻ പറഞ്ഞ പോലെ പണം വിഷയമല്ല. ഐ.പി.സിക്കാർ പണം കൊടുക്കുന്നവരാണ് . ഐപി.സി കുടുംബങ്ങൾ ഓരോ ലക്ഷം രൂപ തന്നാൽ പത്തു കോടിയായി. സഭാ നേതാക്കൾ ഇതൊരു അടിയന്തിര ആവശ്യമായി കണ്ട് ഇറങ്ങി പിരിവ് നടത്തണം. കുമ്പനാടിന്റെ ഡവലപ്പ്മെന്റിനെക്കുറിച്ച് ജനറൽ കൗൺസിലിൽ പറഞ്ഞപ്പോൾ തന്നെ 35 ലക്ഷം രൂപയോളം കൗൺസിലിൽ നിന്നു തന്നെ പിരിവു ലഭിച്ചു. ഇതിൽ ഒരുഭാഗം മിഷനറി പ്രവർത്തനത്തിന് വേണ്ടി മാറ്റിയ ശേഷം ബാക്കി വികസനത്തിനുള്ളതാണ്.

വെറുമൊരു പാസ്റ്ററായ ഞാൻ സഭക്കു വേണ്ടി 64 ലക്ഷം പരിച്ചെങ്കിൽ സഭാ നേതാക്കളും സ്റ്റേറ്റ് ഭാരവാഹികളുമൊക്കെ ശ്രമിച്ചാൽ വളരെ എളുപ്പം ഈ പ്രൊജക്റ്റ് പൂർത്തിയാക്കുവാനാകും. കേരളാ സ്റ്റേറ്റ് ഇക്കാര്യത്തിൽ നല്ലൊരു പങ്ക് വഹിക്കാമെന്ന് സെക്രട്ടറി വ്യക്തിപരമായി എന്നോട് പറഞ്ഞിട്ടുണ്ട്.

*? ഹെബ്രോൻ ബംഗ്ലാവ് എന്ത് ചെയ്യണം?*

കെ.ഇ ഏബ്രഹാം താമസിച്ച ഭവനം എന്ന നിലയിലും ഐ.പി.സിയുടെ വളർച്ചയിലെ പ്രഥമ കെട്ടിടം എന്ന നിലയിലും ഒരു ചരിത്ര സ്മാരകമായി അതിനെ സംരക്ഷിക്കണം.

കെ.ഇ ഏബ്രഹാമിന്റെ കൊച്ചുമക്കൾക്ക് താമസിക്കുന്നതിന് കോമ്പൗണ്ടിൽ തന്നെ സഭയുടെ ചിലവിൽ ഒരു ഗസ്റ്റ് ഹൗസ് പണിയിച്ചു കൊടുക്കുകയും വേണം.

## ഹെബ്രോൻ പുരത്ത് വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു



*ഹെബ്രോൻപുരത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പാസ്റ്റർ റ്റി.എസ്. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു.*

**കുമ്പനാട്:** ഐ.പി.സി. ജനറൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഹെബ്രോൻപുരത്ത് വികസന പ്രവർത്തനങ്ങൾക്ക് തുടക്കമായി. മെയ് 13ന് പാസ്റ്റർ ടി.എസ്. ഏബ്രഹാം നിർമ്മാണ പ്രവർത്തനങ്ങളുടെ ഉത്ഘാടനം നിർവ്വഹിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ പ്രത്യേക താൽപര്യത്തിൽ 30 കോടിരൂപയുടെ പദ്ധതികളാണ് കുമ്പനാട് തുടക്കം കുറിച്ചിരിക്കുന്നത്.

ഒന്നാംഘട്ടത്തിൽ വർഷങ്ങൾക്ക് മുൻപ് ആരംഭിച്ചതും പൂർത്തീകരിക്കപ്പെടാത്തതുമായ ഇന്റർനാഷണൽ ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗ് അടുത്ത കുമ്പനാട് കൺവൻഷനുമുൻപ് രണ്ടുനിലകളുടെ പണി പൂർത്തീകരിക്കാനാണ് പ്ലാൻ ചെയ്യുന്നത്.

ഇപ്പോഴത്തെ ഓഡിറ്റോറിയവും സോദരീസമാജം ബൈബിൾസ്കൂൾ നടക്കുന്ന കെട്ടിടവും പൊളിച്ചുമാറ്റി കൺവൻഷൻ ഗ്രൗണ്ട് വിശാലപ്പെടുത്തുകയും വിശാലമായ ആധുനിക സൗകര്യങ്ങളുള്ള സ്റ്റേജും നിർമ്മിക്കും. സ്റ്റേജിന്റെ അടിയിൽ മെസ് ഹാളും ഡോർമിറ്ററിയും നിർമ്മിക്കും.

ഇന്റർനാഷണൽ ബിൽഡിങ്ങിന്റെ ഒരു നിലയിൽ ആധുനിക സൗകര്യങ്ങളുള്ള എ.സി. ഓഡിറ്റോറിയം നിർമ്മിക്കും.

രണ്ടായിരം പേർക്കിരിക്കാവുന്ന ഓഡിറ്റോറിയം പൂർത്തിയാകുമ്പോൾ മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ എ.സി. ഓഡിറ്റോറിയമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉപവാസ പ്രാർത്ഥന 25ന് സമാപനം

**സമാപനദിവസം 12 മണിക്കൂർ നോൺസ്റ്റോപ്പ് പ്രാർത്ഥന**

കുമ്പനാട്: ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ കുമ്പനാട് നടന്നു വരുന്ന 40 ദിന ഉപവാസ പ്രാർത്ഥന മെയ് 25ന് സമാപിക്കും. 25ന് രാവിലെ 8.30 മുതൽ രാത്രി 8.30 വരെ 12 മണിക്കൂർ തുടർച്ചയായ പ്രാർത്ഥനയായിരിക്കും നടക്കുക. സമാപനത്തോടനുബന്ധിച്ച് യോഗാനന്തരം സ്നേഹ വിരുന്നും നടക്കുമെന്നും ജനറൽ സെക്രട്ടറി റവ. ഡോ.കെ.സി.ജോൺ അറിയിച്ചു.

ഉപവാസ പ്രാർത്ഥന സമാപനത്തോട് അടുത്തപ്പോഴേക്ക് കുമ്പനാട് അഭൂതപൂർവ്വമായ ജനപങ്കാളിത്തം ദൃശ്യമായി. ദിവസേന മൂവായിരത്തിലധികം ആളുകൾ യോഗങ്ങളിൽ പങ്കെടുത്തു. സമാപന ആഴ്ചയിലേക്ക് പന്തൽ വിപുലപ്പെടുത്തും.

## എ.ജി മലബാർ ഡിസ്ട്രിക്റ്റ് പാസ്റ്റർ വി.ടി ഏബ്രഹാം വീണ്ടും സൂപ്രണ്ട്

**റോയ് മാത്യു ചീരൻ**

കോഴിക്കോട്: അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ടായി വി.ടി എബ്രഹാം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഡി.കോൺഫ്രൻസിനോടനുബന്ധിച്ച് ഏപ്രിൽ 5ന് നടന്ന തിരഞ്ഞെടുപ്പിലായിരുന്നു വീണ്ടും ഈ അംഗീകാരം ലഭിച്ചത്. മലബാർ ഡിസ്ട്രിക്റ്റ് രൂപീകരിച്ചതു മുതൽ പാസ്റ്റർ വി.റ്റി ഏബ്രഹാം സൂപ്രണ്ടായി സേവനമനുഷ്ഠിച്ചു വരുന്നു. നിലവിൽ സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് സൂപ്രണ്ടായിരുന്നു. കൂടാതെ കോഴിക്കോട് ടൗൺ എ.ജി ചർച്ചിന്റെ സീനിയർ പാസ്റ്ററും കോഴിക്കോട് ട്രിനിറ്റി ബൈബിൾ കോളജിന്റെ പ്രിൻസിപ്പാളുമാണ് പാസ്റ്റർ വി.റ്റി ഏബ്രഹാം. മറ്റു ഭാരവാഹികൾ: അസി.സൂപ്രണ്ട്: പാസ്റ്റർ വി.സി ഏബ്രഹാം (കണ്ണൂർ എ.ജി ശുശ്രൂഷകൻ), സെക്രട്ടറി: പാസ്റ്റർ കെ.യു പീറ്റർ (പാലക്കാട് എ.ജി ശുശ്രൂഷകൻ), ട്രഷറാർ പാസ്റ്റർ സെൽവരാജ് (ഇരിട്ടി അറബി സഭാ ശുശ്രൂഷകൻ). കമ്മറ്റി അംഗം; പാസ്റ്റർ പി.എം ജോർജുകുട്ടി (എടക്കര നിലമ്പൂർ). 16-ാമത് മലബാർ ഡിസ്ട്രിക്റ്റ് കോൺഫ്രൻസും ശുശ്രൂഷക സെമിനാറും ഏപ്രിൽ 4-6 വരെ കോഴിക്കോട് നടന്നു. വിവിധ സെക്ഷനുകളിൽ പാസ്റ്റർമാരായ വി.റ്റി ഏബ്രഹാം, പ്രൊഫ.മാത്യു പി തോമസ്, മാമ്മൻ ചെമ്പകശ്ശേരി തുടങ്ങിയവർ സംസാരിച്ചു. കോൺഫ്രൻസിനോടനുബന്ധിച്ച് ഓർഡിനേഷൻ ശുശ്രൂഷയും നടത്തപ്പെട്ടു.



*പാസ്റ്റർ വി.റ്റി ഏബ്രഹാം*



*പാസ്റ്റർ കെ.യു പീറ്റർ*

## ചർച്ച് ഓഫ് ഗോഡ് കർണാടക മലയാളം റീജിയൻ കൺവൻഷൻ സമാപിച്ചു



ബാംഗ്ലൂർ: പാസ്റ്റർ എം.കുഞ്ഞപ്പി നേതൃത്വം നൽകുന്ന കർണാടക സ്റ്റേറ്റ് മലയാളം റീജിയൻ സഭകളുടെ വാർഷിക കൺവൻഷൻ ഏപ്രിൽ 25 -28 വരെ നടന്നു. ലിംഗരാജപുരം ക്യാമ്പസ് ക്രൂസേഡ് ഓഡിറ്റോറിയത്തിൽ നടന്ന കൺവൻഷനിൽ അഡ്മിനിസ്ട്രേറ്റർ റവ.എം കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ നൂറുദ്ദീൻ മുള്ള, പി.ടി തോമസ്, ജോൺസൻ ജോർജ്, പ്രൊഫ.ശുശീൽ മാത്യു, ജ്യോതികുമാർ റെഡി, ഡെന്നീസ് ഹെപ്നർ, എന്നിവർ പ്രസംഗിച്ചു.

പാസ്റ്റർമാരായ ടി.ഡി തോമസ്, എം.ഐ ഈപ്പൻ, സി.വി ഉമ്മൻ, ടി.ജെ ബെന്നി., ജെ.ജോസഫ്, ഷിബു കെ മാത്യു എന്നിവരും പത്തനംതിട്ട എം.പി ആന്റോ ആന്റണിയും ആശംസകൾ പറഞ്ഞു.

# ഇടിയുടെ തമ്പുരാൻ ജോർജ് ഫോർമാന് ഇടിവെട്ടേറ്റപ്പോൾ..

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



അമേരിക്കയിലെ ഹൂസ്റ്റണിൽ തന്റേടിയും താന്തോന്നിയുമായി വളർന്നുവന്ന ഒരു ചെറുപ്പക്കാരനായിരുന്നു ജോർജ് ഫോർമാൻ. സ്കൂൾ ജീവിതത്തിൽ തന്നെ കൈക്കരുത്ത് കാശുണ്ടാക്കാനുള്ള മാർഗ്ഗമാക്കി. പിന്നീട് പണക്കാരെ തിരഞ്ഞുപിടിച്ചു തന്റെ കൈക്കരുത്തു കാട്ടി പണം പിടുങ്ങി. എതിർത്തവരെ ഇടിച്ചു പഞ്ചറാക്കി. അങ്ങനെ ജോർജ് ഫോർമാൻ ഹൂസ്റ്റൺ പട്ടണത്തിന് പേടി സ്വപ്നമായി.

ബോക്സിംഗിൽ കരുത്തുതെളിയിച്ച ജോർജ്ജ് അറിയപ്പെടുന്ന ബോക്സർ ആയി. റിംഗിൽ എതിരാളികളെ പഞ്ചറാക്കിയും അയാൾ ധാരാളം പണം സമ്പാദിച്ചു. ഒരിക്കൽ, അടുത്ത മത്സരത്തിനായി വീട്ടിൽ പരിശീലനം നടത്തവേ, തന്റെ അമ്മ അനുജത്തിയുമായി ഫോണിൽ സംസാരിക്കുന്നത് ജോർജ് ശ്രദ്ധിച്ചു. അവരുടെ മകനും താൻ ഏറ്റവും സ്നേഹിക്കുന്നവനുമായ സഹോദരൻ തലച്ചോറിൽ രക്തപ്രവാഹം ഉണ്ടായതിനാൽ അത്യാസന്നനിലയിൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടതായി ജോർജ് മനസ്സിലാക്കി. പൂർണ്ണമായും അബോധാവസ്ഥയിൽ കഴിയുന്ന ആ യൗവ്വനക്കാരൻ മരിച്ചേക്കാമെന്നും അഥവാ ജീവിച്ചാൽ തന്നെ ചലിക്കുവാനാവാതെ ജീവച്ഛവമായി തുടരുമെന്ന ഡോക്ടേഴ്സിന്റെ അഭിപ്രായം ജോർജ്ജിനു താങ്ങാവുന്നതിലും അധികമായിരുന്നു.

അയാൾ അമ്മയുടെ അടുത്തേക്ക് ഓടിയെത്തിയിട്ടു പറഞ്ഞു: മമ്മാ, ഡോക്ടറെ വിളിച്ച് ഇപ്പോൾ തന്നെ പറയുക. എന്റെ അനുജനുവേണ്ടി എത്ര പണം ആവശ്യമുണ്ടെങ്കിലും ഞാൻ തന്നുകൊള്ളാം, അവന് ജീവനും ആരോഗ്യവും തിരികെ കിട്ടണം. അതിനു ആവശ്യമായ മരുന്നും വിദഗ്ദരെയും ലോകത്തിന്റെ ഏതു കോണിൽ നിന്നായാലും വിമാനത്തിൽ എത്തിച്ചുകൊള്ളുക. ഞാൻ പണം മുടക്കിക്കൊള്ളാം.

ആ അമ്മ ഡോക്ടറെ വിളിച്ച് ഈ കാര്യം അറിയിച്ചപ്പോൾ ഡോക്ടർ മകന്റെ കൈയ്യിൽ ഫോൺ നൽകാൻ ആവശ്യപ്പെട്ടു. സൗമ്യതയോടെ ഡോക്ടർ ജോർജിനോട് പറഞ്ഞു: മകനേ, പണത്തിന് പരിമിതികളുണ്ട് എന്നാൽ നീ ദൈവത്തോടു പ്രാർത്ഥിക്കുക. അതുമാത്രമേ ഇനിയും ആശ്രയമായുള്ളു.

ഇടിവെട്ടേറ്റതുപോലെയാണ് ആ വാക്കുകൾ ജോർജ്ജിന് അനുഭവപ്പെട്ടത്. തന്റെ സകലശക്തിയും ചോർന്നു പോയതുപോലെ അയാൾ തളർന്നിരുന്നു. പണംകൊണ്ട് എന്തും സാധിക്കുമെന്നു കരുതിയിരുന്ന തനിക്ക് അവസാനം ബോധ്യമായി, അതേ, പണത്തിന് പരിമിതികളുണ്ട്.

ദൈവമുണ്ടെന്ന് വിശ്വസിച്ചിരുന്ന ആളല്ല ജോർജ് ഫോർമാൻ. പക്ഷേ, ആ നിമിഷം അയാൾ തറയിൽ മുട്ടുകുത്തി: ദൈവം എന്നൊരാൾ ഉണ്ടെങ്കിൽ തന്റെ അനുജനെ രക്ഷിക്കണമേ എന്ന് അയാൾ നിലവിളിച്ചു. എന്നിട്ട് അയാൾ കട്ടിലിൽ കിടന്നു. പെട്ടെന്ന് അയാൾ ചാടിയെണീറ്റു വീണ്ടും മുട്ടുകുത്തി: ദൈവമേ, എന്റെ അനുജനെ രക്ഷിച്ചാൽ എന്റെ സമ്പത്തു മുഴുവനും ഞാൻ ദൈവത്തിനു തന്നുകൊള്ളാം. ഇതുപറഞ്ഞിട്ട് അയാൾ കിടക്കയിലേക്കു ചരിഞ്ഞു. വീണ്ടും വെളിപ്പാടുകിട്ടിയതുപോലെ അയാൾ ചാടിയെണീറ്റു തറയിൽ മുട്ടുകുത്തി: ദൈവമേ, എന്റെ അനുജനെ രക്ഷിക്കുവാൻ അങ്ങ് മനസ്സലിഞ്ഞാൽ അതിനു പകരം അങ്ങ് എന്റെ ജീവനെ എടുത്തുകൊള്ളുക എന്നു കണ്ണീരോടെ ദൈവത്തോടു കേണു.

അടുത്ത നിമിഷം ആശുപത്രിയിൽ നിന്നും ഫോൺ വന്നു. തന്റെ അനുജൻ കണ്ണുതുറന്നു! മാത്രമല്ല, കൈകാലുകൾ ചലിപ്പിച്ചു തുടങ്ങി. എന്തിനേറെ, ഒരാഴ്ചയ്ക്കുള്ളിൽ ആ അനുജൻ സ്വയം നടന്ന് ആശുപത്രിയുടെ പാർക്കിങ്ങിലെത്തി. ജോർജ്ജിനൊപ്പം കാറിൽ വീട്ടിലേക്കു തിരിച്ചു. ഡോക്ടേഴ്സിന് ഇത് എങ്ങനെ സംഭവിച്ചു എന്നു വിശദീകരിക്കാനായില്ല. പക്ഷേ, ജോർജ്ജിന് ഉറപ്പുണ്ടായിരുന്നു ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്.

മൂന്നുമാസം കഴിഞ്ഞ്, 1977 മാർച്ചുമാസം, ജോർജ്ജ് ഫോർമാൻ ജിമ്മി യംഗിന്റെ ഇടിയേറ്റ് മരിച്ചു. ദൈവം എന്റെ കൂടെ എന്ന അനുഭവക്കുറിപ്പിൽ ജോർജ്ജ് എഴുതി: ഒരു കറുത്ത കരം എന്നെ പിടിച്ചിഴച്ച് അടിയില്ലാ കുഴിയിലേക്ക് വീണുകൊണ്ടിരുന്നു. ആ ബലിഷ്ഠമായ കരത്തിൽ നിന്നും മോചനമില്ലെന്നറിഞ്ഞ ഞാൻ സർവ്വ ശക്തിയും ഉപയോഗിച്ച് അലറിവിളിച്ചു, ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. പെട്ടെന്ന് ശക്തിയുള്ള ഒരു കരം ഉയരത്തിൽ നിന്നും എന്റെ അരികിലെത്തി. ആ ഭയാനകമായ അന്ധകാരശക്തിയുടെ കൈയ്യിൽ നിന്നും എന്നെ പിടച്ചുപറിച്ചു. ഞാൻ എന്റെ ശരീരത്തിൽ തിരികെയെത്തിയതോടെ ഞെട്ടിയുണർന്നു. ആ സമയം ബന്ധുക്കൾ എന്നെ മോർച്ചറിയിൽ ഡ്രസ്സ് ധരിപ്പിക്കുകയായിരുന്നു!!

യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ജോർജ്ജ് പിന്നീട് കർത്താവിന്റെ ഉത്തമശിഷ്യനായി. ദൈവസഭയുടെ ഒരു ശുശ്രൂഷകനായി. ആസ്പത്രികളിലും ജയിലുകളിലും ജീവനുള്ള ദൈവത്തെ അനേകർക്ക് പരിചയപ്പെടുത്തി.

പണംകൊണ്ടു സാധിക്കാത്തതും പ്രാർത്ഥനകൊണ്ടു സാധിക്കുമെന്ന് ഉറക്കെ പ്രസ്താവിക്കുന്ന ഈ അനുഭവം പണത്തെ ദൈവമായി കരുതുന്നവർക്കു ഒരു പാഠമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## പട്ടാമ്പി കൺവൻഷൻ




*പാസ്റ്റർ ചാക്കോ ദേവസ്യ ഉദ്ഘാടനം ചെയ്യുന്നു.*

പാലക്കാട്: ഇന്ത്യൻ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡിന്റെ പട്ടാമ്പി ഏരിയാ ഒന്നാം വാർഷിക കൺവൻഷൻ നടന്നു. പട്ടാമ്പി ഏരിയാ കൺവീനർ പാസ്റ്റർ ചാക്കോ ദേവസ്യ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ടി.എം.മാത്യു, ബാബു ചെറിയാൻ, കെ.സി.തോമസ്, എന്നിവർ വചനശുശ്രൂഷ നടത്തി. ഞായറാഴ്ച സംയുക്ത ആരാധന നടന്നു.

## പ്രാർത്ഥനയ്ക്ക്

മാവേലിക്കര : ശാരോൻ ഫെലോഷിപ്പ് ചർച്ച് ഹരിപ്പാട് സഭാശുശ്രൂഷകനും അസോസിയേറ്റ് സെക്ഷൻ പാസ്റ്ററുമായ ജോസഫ് സഖറിയ ഹൃദയാഘാതത്തെ തുടർന്ന് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയിരിക്കുന്നു. പരിശോധനയിൽ അദ്ദേഹത്തിന് രണ്ട് ബ്ലോക്ക് ഉള്ളതായി ഡോക്ടർ അറിയിച്ചു. ആന്റിയോപ്ലാസയ്ക്ക് വിധേയപ്പെടുന്ന പാസ്റ്റർ ജോസഫ് സഖറിയയുടെ വിടുതലിനായി ദൈവജനം പ്രാർത്ഥിക്കുക.

## വൈപ്പിൻ രക്ഷാ സന്ദേശ യോഗം

എടവനക്കാട്: ഐ.പി.സി.എബനേസർ പ്രയർ സെന്റർ മാസംതോറും നടത്തി വരുന്ന രക്ഷാസന്ദേശ ധ്യാനയോഗം ജൂൺ 1-ന് വൈപ്പിൻ മുനമ്പം സംസ്ഥാന പാതയിലെ ഏ.ഇ.ഒ. സ്റ്റോപ്പിലുള്ള വ്യാപാര ഭവൻ ഹാളിൽ നടക്കും. പാസ്റ്റർ റെയ്സൺ തോമസ് ശുശ്രൂഷിക്കും. പാസ്റ്റർ ഷാജി വിരുപ്പിൽ നേതൃത്വം നൽകും.

## പ്രീ മാരിറ്റൽ കൗൺസലിംഗ്

തിരുവനന്തപുരം: തിരുവനന്തപുരം സൗത്ത് സെന്റർ പി.വൈ.പി.എ. അരുവിക്കുഴി സഭാ ഹാളിൽ മെയ് 1-ന് പ്രീ മാരിറ്റൽ കൗൺസലിംഗ് നടത്തി. സെന്റർ മിനിസ്റ്റർ പാസ്റ്റർ വൈ.റോബർട്ട് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ വി.പി.ഫിലിപ്പ് ക്ലാസെടുത്തു. 73 യുവതീയുവാക്കൾ പങ്കെടുത്തു. പാസ്റ്റർ ജേക്കബ് തോമസ് നേതൃത്വം നൽകി.

## ക്ലാസുകൾ ആരംഭിക്കുന്നു

കൊട്ടാരക്കര: കൊട്ടാരക്കര കേരളാ തിയോളജിക്കൽ സെമിനാരിയുടെ 14-ാമത് ബാച്ച് മെയ് 27 തിങ്കളാഴ്ച ആരംഭിക്കുന്നു. ഡി.റ്റി.എച്ച് (മലയാളം), ബി.റ്റി.എച്ച് (ഇന്റേർണൽ & എക്സ്റ്റേർണൽ), എം.റ്റിച്ച് ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു.

## മെഗാ ബൈബിൾ ക്വിസ്

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി മെഗാ ബൈബിൾ ക്വിസ് നടത്തപ്പെടുന്നു. നാലു ഗ്രൂപ്പുകളായി തിരിച്ചുള്ള ക്വിസ് പ്രോഗ്രാം ആഗസ്റ്റ് 6-ന് കേരളത്തിലെ എല്ലാ സെക്ഷനുകളിലെയും തെരഞ്ഞെടുത്ത സെന്ററുകളിൽ വെച്ചായിരിക്കും നടക്കുക. ചോദ്യങ്ങൾ ഒബ്ജക്ടീവ് രീതിയിലായിരിക്കും. ഓരോ ഗ്രൂപ്പിനും പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ഓരോ പുസ്തകങ്ങളിൽ നിന്നു ചോദ്യങ്ങളായിരിക്കും. എല്ലാ ഗ്രൂപ്പിലെയും ആദ്യ മൂന്നു സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 3000,2000,1000 രൂപ സമ്മാനം നൽകും. ഫോൺ: 9447861098

## സെന്റർ സമ്മേളനം

തിരുവല്ല: ഇന്ത്യാ ദൈവസഭ തിരുവല്ല സെന്റർ സമ്മേളനം ഏപ്രിൽ 13ന് സ്റ്റേഡിയം സഭയിൽ നടന്നു. പാസ്റ്റർ ജോസ് ബേബിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർമാരയ സണ്ണി സഖറിയ, കെ.എ ഉമ്മൻ, മാത്യു ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## പെൻസിൽവേനിയ ഐ.പി.സി.ഫെലോഷിപ്പ്

ഫിലദൽഫ്യാ: അമേരിക്കയിലെ പെൻസിൽവേനിയ സ്റ്റേറ്റിലെ ഐ.പി.സി. സഭകളുടെ സംയുക്ത കൂട്ടായ്മ നിലവിൽ വന്നു. ഏപ്രിൽ 27-ന് നടന്ന യോഗത്തിൽ പാസ്റ്റർ സാമുവേൽ ജോസഫ് കോർഡിനേറ്ററായും, ഏബ്രഹാം മാത്യു സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

## പുനലൂരിൽ പ്രാർത്ഥനാ സംഗമം നടത്തി



പുനലൂർ: ഭാരതത്തിന്റെ സമാധാനത്തിനും ഉണർവ്വിനുമായി പ്രാർത്ഥനാ സംഗമം നടന്നു. ഏപ്രിൽ 27 വൈകിട്ട് മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന പ്രാർത്ഥനാ സംഗമത്തിൽ ആയിരങ്ങൾ പങ്കെടുത്തു. പ്രശസ്ത ഗായകരായ അനിൽ കാന്തും മകൾ ശ്രേയാ കാന്തും ഗാനശുശ്രൂഷ നിർവ്വഹിച്ചു. കരവാളൂർ ഡിവൈൻ വർഷിപ്പ് സെന്റർ ഡയറക്ടർ പാസ്റ്റർ സാമച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാ സമ്മേളനത്തിൽ നിരവധി രാഷ്ട്രീയ പ്രമുഖരും സാംസ്ക്കാരിക നേതാക്കളും പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

കേന്ദ്രതൊഴിൽ വകുപ്പ് സഹമന്ത്രി കൊടുക്കുന്നിൽ സുരേഷ്, പുനലൂർ എം.എൽ.എ.അഡ്വ.കെ.രാജു, കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ് ജയമോഹൻ, മുനിസിപ്പൽ ചെയർ പേഴ്സൺ ഗ്രേസി ജോൺ, വൈസ് ചെയർമാൻ ബിജു തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ഈ സംഗമത്തിൽ വച്ച് സാധുക്കളായ രണ്ട് യുവതികൾക്ക് 50,000 രൂപ വീതം വിവാഹ സഹായമായി നൽകി.

**ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ**

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

**ഹാലേലുയ്യാ പരസ്യനിരക്കുകൾ**

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

**ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി**
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)



പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം,
പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ
**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

**PRAYER CELL**


പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# പിടിയരിച്ചോറുണ്ടവർ സമ്മേളിക്കുമ്പോൾ



‘ഇമ്മാനുവൽ ജനറേഷൻ’ പാസ്റ്റർമാരുടെ മക്കളുടെ സംഘടനയ്ക്ക് ഇതിലും മനോഹരമായ ഒരു പേര് നിർദ്ദേശിക്കാനുണ്ടോ? ഏതായാലും പാസ്റ്റേഴ്സിന്റെ മക്കളുടെ സംഘടന നിലവിൽ വരികയാണ്. മെയ് 18ന് പാസ്റ്റർ ടി.എസ്. ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർ ടി.എസ്. ഏബ്രഹാമിന്റെ മനസിൽ വളരെ മുൻപേ ഇത്തരമൊരു പ്രസ്ഥാനം ഉണ്ടായിരുന്നു. ഇന്നേക്ക് 25 വർഷം മുൻപ് കുമ്പനാട്ടുവെച്ച് ഐ.പി.സി.യിലെ പാസ്റ്റർമാരുടെ മക്കളുടെ ഒരു സമ്മേളനം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. ആ മീറ്റിങ്ങിൽ പങ്കെടുക്കാൻ വേണ്ടി വന്നപ്പോഴാണ് ഞാൻ ആദ്യമായി കുമ്പനാട് കാണുന്നത്.

ഈ മക്കൾ കൂട്ടായ്മ കൊണ്ട് എന്താണൊരു നേട്ടം? എന്താണിതിന്റെ പിന്നിലുള്ള അജണ്ട. ഓർമ്മകൾ മരിക്കാതിരിക്കട്ടെ എന്നതാണ് ഏക ലക്ഷ്യം. അല്ലാതെ അവകാശങ്ങൾ ചോദിച്ചു വാങ്ങാനുള്ള വേദിയോ ആരോടെങ്കിലും പകതീർക്കാനുള്ളതോ അല്ല. ഒരോ ജീവിത സാഹചര്യങ്ങളിലൂടെ വ്യത്യസ്തകാലങ്ങളിൽ സഞ്ചരിക്കേണ്ടിവന്നവരുടെ ഒത്തുചേരൽ എന്നതിനപ്പുറം ഗൂഢലക്ഷ്യങ്ങൾ ഞങ്ങൾക്കാർക്കുമില്ല.

ഒരു ഉപദേശിയുടെ മകനായി ജനിച്ചത് ലോകത്തിലെ ഏറ്റവും നിന്ദാകരമായ ജന്മമാണന്നായിരുന്നു ഏറെ ക്കാലം ഞാൻ കരുതിയിരുന്നത്. എന്റെ ബാല്യകാല ദുരിതങ്ങളുടെയെല്ലാം കാരണം ഈ ജന്മദോഷമാണെന്ന് ഞാൻ വിശ്വസിച്ചു. എന്റെ അപ്പൻ ഒരു അദ്ധ്യാപകനോ, കച്ചവടക്കാരനോ ഒരു സാധാരണ കൃഷിക്കാരനെങ്കിലുമോ ആയിരുന്നെങ്കിലെന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. ഉപദേശിയുടെ മകനെന്ന നിലയിൽ അനുഭവിക്കേണ്ടിവന്ന അപമാനങ്ങളുടെ തീവ്രതയിൽ ചിന്തിച്ചുകൂട്ടിയതാണ്. പിന്നീടു ഞാൻ സ്വയം തിരിച്ചറിഞ്ഞു. എന്റെ ജന്മം ഒരു പുണ്യ ജന്മമാണെന്ന്. ആത്മാർത്ഥമായി കർത്താവിനെ സേവിച്ച ഒരു ഉപദേശിയുടെ മകനായി ഭൂമിയിൽ പിറന്നുവീഴുവാൻ ഭാഗ്യം ലഭിച്ചതിന് ഞാൻ ദൈവത്തോട് നന്ദി പറയുന്നു. എന്റെ എല്ലാ അനുഗ്രഹങ്ങളുടെയും അടിത്തറ എന്റെ മാതാപിതാക്കളുടെ ത്യാഗജീവിതമാണെന്ന് ഞാനിപ്പോൾ തിരിച്ചറിയുന്നു. എന്റെ ജന്മത്തിന്റെ സുകൃതം മുഴുവൻ ഞാനനുഭവിക്കുന്നു.

കഴിഞ്ഞദിവസം കുമ്പനാട് ഉപവാസപ്രാർത്ഥനയിൽ പാസ്റ്റർ റോയി ദാനിയേൽ (ഫെയ്ത്ത് ലീഡേഴ്സി ചർച്ചിന്റെ ജനറൽ സെക്രട്ടറി) പ്രസംഗിച്ചു. ഉപദേശിയുടെ മകനായി ജനിച്ചു വളർന്ന റോയി പിടിയരിചോറുണ്ട് വളർന്ന കഥ പ്രസംഗാരംഭത്തിൽ ഓർപ്പിച്ചു. ഇന്ന് സഭകളിൽ പിടിയരിയില്ല. പണ്ട് എന്റെ ബാല്യത്തിൽ സണ്ടേസ്കൂൾ കുട്ടികളുടെ സ്തോത്രകാഴ്ച ഒരു പിടി അരിയുടെ പൊതിയായിരുന്നു. അന്ന് മിക്ക വീടുകളിലും പണം കുറവായിരുന്നതിനാലായിരിക്കാം ഈ അരിപൊതി സ്ഥാനംപിടിച്ചത്.

ഏതായാലും ഞാനും പിടിയരി കഞ്ഞി ഒത്തിരികുടിച്ചിട്ടുണ്ട്. ആ പിടിയരി കഞ്ഞിയുടെ ബലമാണ് ഇന്നും ശരീരത്തിനുള്ളത്. എന്നാൽ പിടിയരി ഇട്ട് കഞ്ഞിയുണ്ടാക്കുമ്പോൾ സത്യത്തിൽ അതൊരു വല്ലാത്ത അനുഭവമാണ്. പിടിയരിയായി വരുന്നത് പലതരം അരികളാണ്. പച്ചരി, കുത്തരി, ഒരു പുഴുക്കൻ, ഇരുപ്പുഴുക്കൻ, ചാക്കരി, എന്നുവേണ്ട എനിക്ക് ഇത്രയും പേരേ അറിയൂ. ബാസ്മതി ഒഴിച്ച് ലോകത്തിൽ എന്തൊക്കെ അരിയുണ്ടോ അതെല്ലാം ഇക്കൂട്ടത്തിൽ എത്തുമായിരുന്നു. (അന്നൊന്നും ബാസ്മതി എന്ന ബിരിയാണി അരി നമ്മുടെയൊന്നും വീടുകളിൽ എത്തിയിട്ടില്ലല്ലോ). പിന്നെ ‘ഇരുമ്പരി’ എന്ന പേരിൽ റേഷൻ കടയിൽ നിന്നുകാട്ടുന്ന ഒരു അരിയുമുണ്ടായിരുന്നു. എത്രമണിക്കൂർ തിളപ്പിച്ചാലും പോകാതെ ഇരുമ്പുപോലെ കിടക്കുന്ന അരിയാണ് ഇരുമ്പരി. ഈ അരി തിളക്കുമ്പോൾ വല്ലാത്തൊരു നാറ്റമുണ്ട്. ഏതായാലും ഇരുമ്പരി ചോറിന് ഒരു ഗുണമുണ്ടായിരുന്നു. കഴിച്ചാൽ കഴിച്ചപോലെ തോന്നും. മാത്രവുമല്ല. ദഹിക്കാൻ ബുദ്ധിമുട്ടായതിനാൽ വിശക്കാൻ താമസിക്കും.

ഇങ്ങനെ വിവിധ ഇനം അരികളുടെ മിശ്രിതമായ ഈ കോക്ടെയിൽ കഞ്ഞി കുടിക്കാൻ ഭാഗ്യം ലഭിച്ച ഉപദേശിപിള്ളാരെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഓാരോ അരിയും വേകാൻ നിശ്ചിത സമയം വേണമല്ലോ. പച്ചരി പെട്ടന്ന് വേകും റേഷനരി- ഇരുമ്പരി- മണിക്കൂറ് കിടന്നാലും വെള്ളം പിടിക്കില്ല. അപ്പോൾ ഈ പലഅരി കഞ്ഞിയുടെ ഗതി എന്തായിരിക്കുമെന്ന് ഊഹിച്ചുനോക്കുക. മലബാറിൽ ഞങ്ങൾക്ക് ഏറ്റവും വലിയ ആശ്വാസം കപ്പയായിരുന്നു. വല്ലാത്ത കൈപ്പുള്ള ഒരു തരം കപ്പയായിരുന്നു അന്നത്തെ പ്രധാനകൃഷി. (എന്തുകൊണ്ട് അന്ന് കൈപ്പുള്ള കപ്പ നട്ട് വളർത്തിയിരുന്നതെന്ന് എനിക്കറിയില്ല) കപ്പ പുഴുങ്ങി തിന്നും, വേവിച്ചുതിന്നും പിന്നെ കപ്പ ഉണക്കി വെക്കും. രണ്ടു രീതിയാണെതിനുള്ളത് കപ്പ തൊലി ചീകിയ ശേഷം ഉണക്കും. രണ്ടാമത്തെ രീതി കപ്പ നീളത്തിലരിഞ്ഞ് വലിയ ചെമ്പിൽ തിളപ്പിക്കും. പകുതിവേവായി കഴിഞ്ഞാൽ കോരി വെയിലത്തിട്ട് ഉണക്കും. ഇത് ചാക്കിലാക്കി എടുത്തുവയ്ക്കും. പിന്നീട് പഞ്ഞമാസങ്ങളിൽ ഈ ഉണക്കകപ്പയാണ് പ്രധാന ആഹാരം.

രാവിലെ കപ്പതികത്തിയത് ഉപ്പും കാന്താരിയുമുടച്ച് തിന്നിട്ട് സ്കൂളിൽ പോകും. ഉച്ചയ്ക്ക് മിക്കപ്പോഴും പട്ടിണി. വൈകുന്നേരം വിശന്ന് വലഞ്ഞ് വീട്ടിൽ വരുമ്പോഴും കപ്പതികത്തിയതും കാന്താരിയും കാണും. ഉപ്പിട്ടുണക്കിയ മത്തി, കുറിച്ചി, കുട്ടൻ എന്നീ വിശിഷ്ട സീഫുഡ് ഐറ്റംസ് ഗ്രിൽ ചെയ്ത് (അടുപ്പിലിട്ട് ചുട്ടെടുത്തത്) അനുബന്ധമായുണ്ടെങ്കിൽ എന്തൊരു സന്തോഷം. പിന്നെ മലബാറിൽ ഇത് ഉപദേശിമാരുടെ മക്കളുടെ മാത്രം ആഹാരമായിരുന്നില്ല. എല്ലാ മലബാറുകാരും ജീവൻ നിലനിർത്തിയത് ഇതൊക്കെ കഴിച്ചാണ്.

ഏതായാലും പിടിയരിചോറുണ്ടവർ ഒന്നിച്ചു കൂടുകയാണ്. എന്തു സംഭവിക്കുമെന്ന് നോക്കിക്കാണാം. ഒരു കാര്യം കൂടെ.

കേരളത്തിൽ ഇപ്പോൾ പട്ടിണിയുണ്ടോ? ഇല്ലന്നാണ് പൊതു ധാരണ. കാരണം ആരോഗ്യമുള്ള ഒരു പുരുഷൻ കൂലിപ്പണിക്ക് പോയാൽ ഏറ്റവും കുറഞ്ഞത് 500 രൂപ പ്രതിദിന കൂലികിട്ടും. സ്ത്രീകൾക്ക് 250 -300 രൂപയും. അതായത് 20 ദിവസം ജോലിചെയ്യുന്ന പുരുഷന് 10,000 രൂപയും സ്ത്രീക്ക് 6000 രൂപയും വരുമാനമുണ്ട്. പുരുഷൻ കിട്ടുന്നതിൽ പാതി കള്ളുകുടിച്ച് കളഞ്ഞാലും വീട് പട്ടിണിയാകില്ല. അത്യാവശ്യം സമ്പാദ്യത്തിനും, അല്ലറചില്ലറ ആർഭാടത്തിനും ഈ വരുമാനം മതി. അതിനാൽ സാധാരണ മലയാളി കുടുംബത്തിൽ പട്ടിണിയില്ല. (മാറാവ്യാധി/ മദ്യപാനം/ തുടങ്ങിയ കാരണങ്ങളാൽ തകർന്ന കുടുംബങ്ങളെ ഒഴിവാക്കിയാണീപറയുന്നത്.)

ഈ കേരളത്തിലെ മദ്ധ്യതിരുവിതാംകൂർ ഒഴിച്ചുള്ള പ്രദേശങ്ങളിൽ പുതിയ പ്രവർത്തനസ്ഥലങ്ങളിൽ സുവിശേഷവേല ചെയ്യുന്ന ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമുള്ള ഒരു പാസ്റ്ററുടെ അവസ്ഥ പരിശോധിക്കുക. ഒരുവിധപ്പെട്ട സഭകൾ ഇത്തരം സുവിശേഷകർക്ക് നൽകുന്ന സപ്പോർട്ട് 2000-3000 രൂപയാണ്. മലബാറിലോ, ഇടുക്കിയിലോ പുതിയ വേലസ്ഥലത്ത് പ്രവർത്തിക്കുന്ന ഒരു സുവിശേഷകന് മറ്റൊരു വരുമാനവുമില്ലങ്കിൽ എത്രദിവസം പട്ടിണികിടക്കേണ്ടിവരുമെന്ന് ചിന്തിക്കുക. ഈ ഉപദേശിക്ക് കൂലിപ്പണിക്ക് പോകാൻ പറ്റുമോ? കൈനീളമുള്ള വെള്ള ഷർട്ടിട്ടാൽ പിന്നെ ഈ ഉപദേശിക്ക് മറ്റൊന്നും ചെയ്യാനാവില്ലല്ലോ.

അതേ ഇന്നും പട്ടിണി കിടക്കേണ്ടിവരുന്ന എത്രയോ ഉപദേശിമാരും അവരുടെ മക്കളും കേരളത്തിലുണ്ട്. അങ്ങനെയുള്ളവർക്ക്, അവരുടെ മക്കൾക്ക് ഒരൽപ്പം ആശ്വാസമാകുവാൻ ഇമ്മാനുവൽ ജനറേഷനു സാധിച്ചാൽ ദൈവം നമ്മോടുകൂടെ എന്ന അർത്ഥം പൂർണ്ണമാകും.

സൃഷ്ടിയോ പരിണാമമോ? 7

# മനുഷ്യ ശരീരം എന്ന അത്ഭുത സൃഷ്ടി



ജോസഫ് ഇടക്കാട്ടിൽ

എല്ലാ സൃഷ്ടികളുടെയും മകുടമാണ് മനുഷ്യൻ. മനുഷ്യനൊഴികെ മറ്റെല്ലാ ജീവജാലങ്ങളും ഉണ്ടാകട്ടെ എന്ന ദൈവചനത്താൽ ഉളവായതാണ്. അമീബ മുതൽ തിമിംഗലം വരെയുള്ള ജന്തുജാലങ്ങളെ ദൈവം തന്റെ വചനത്താൽ സൃഷ്ടിച്ചതാണ്. എന്നാൽ മനുഷ്യനെ സൃഷ്ടിക്കുവാൻ ദൈവം അൽപം സമയമെടുത്ത് അധ്വാനിച്ചു. മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള എന്റെ ഭാവന ഞാനിവിടെ പങ്കുവെക്കട്ടെ.

സർവവ്യാപിയും അരൂപിയുമായ ദൈവം പക്ഷിമൃഗാദികളെ സൃഷ്ടിച്ചതിനുശേഷം മനുഷ്യ സൃഷ്ടിക്കായി തീരുമാനിച്ചു. മറ്റെല്ലാ ജീവികളിൽ നിന്നും വ്യത്യസ്തനായി വേണം മനുഷ്യനെ (തന്നെ ആരാധിക്കാനുള്ള ജീവിയെ) സൃഷ്ടിക്കാനെന്ന് ദൈവം തീരുമാനിച്ചു. അരൂപിയായ ദൈവം യേശുക്രിസ്തുവിന്റെ രൂപത്തിൽ (ഉല്പത്തി 1: 26 ശ്രദ്ധിക്കുക)ഭൂമിയിലേക്ക് ഇറങ്ങിവന്നു. രൂപമില്ലാത്ത ദൈവം തന്റെ സാദൃശ്യപ്രകാരം മനുഷ്യനെ എങ്ങിനെയാണ് സൃഷ്ടിക്കുന്നത്? മനുഷ്യവർഗത്തിന്റെ മോചനത്തിനായി പിന്നീട് ഭൂമിയിലേക്ക് പോകാനുള്ള യേശുക്രിസ്തുവിന്റെ രൂപത്തിലായിരിക്കും ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടുണ്ടാവുക, ആണിനെയും പെണ്ണിനെയും യേശുക്രിസ്തുവിന്റെ സാദൃശ്യങ്ങളിൽ സൃഷ്ടിച്ചെന്ന് പറയുന്നതും ശരിതന്നെ. യേശുകർത്താവ് രണ്ടാമത് വന്ന് തന്റെ വിശുദ്ധന്മാരെ ചേർക്കുമ്പോൾ നാമെല്ലാവരും (സ്ത്രീയും പുരുഷനുമെല്ലാം) രൂപാന്തരം പ്രാപിച്ച് യേശുവിനെപ്പോലെയാകും.

മനുഷ്യനെ നിർമിക്കുവാൻ ദൈവം നിലത്തെ പൊടി കുഴച്ചെടുത്തു. ദൈവം തന്റെ സ്വന്തം കൈവിരലുകൾകൊണ്ട് മനുഷ്യന്റെ ശരീരത്തിന്റെ ഓാരോ അവയവങ്ങളും മെനഞ്ഞുണ്ടാക്കി മനുഷ്യനെ സൃഷ്ടിക്കാൻവേണ്ടി ദൈവം താനുണ്ടാക്കിയ ഭൂമിയിൽ ഇറങ്ങിവന്നു. (എല്ലാം എന്റെ ഭാവനയാണ്. തിയോളജിയന്മാർ ക്ഷമിക്കണം എന്നിട്ട് ദൈവം ആദിമ മനുഷ്യന്റെ തല മണ്ണുകൊണ്ടുണ്ടാക്കി അതിൽ കണ്ണും മൂക്കും ചെവിയുമെല്ലാം വച്ചുപിടിപ്പിച്ചു. ദൈവത്തിന്റെ കൈവിരലുകളാൽ സൃഷ്ടിക്കപ്പെട്ട നമ്മുടെ കണ്ണുകൾകൊണ്ട് നന്മയും തിന്മയും നമുക്ക് കാണാൻ കഴിയും. എന്നാൽ ആ കണ്ണുകൾ കൊണ്ട് തിന്മയെ നോക്കി ആസ്വദിക്കുവാൻ ഇടവരുത്തരുത്. ദൈവം തന്റെ വിരലുകൾ കൊണ്ട് തലോടി ഉരുട്ടിയെടുത്തതാണ് നമ്മുടെ ചെവികൾ. ഈ തലോടൽ ലഭിക്കാത്തതുകൊണ്ടാണ് പട്ടിയുടെയും പന്നിയുടെയുമൊക്കെ ചെവികൾ കൂർത്ത് പൊങ്ങിയിരിക്കുന്നത്. മനുഷ്യന്റെ തല മണ്ണുകൊണ്ടുണ്ടാക്കി ദൈവം തന്റെ കൈവിരലുകൾ രണ്ടുവശത്തുനിന്നും അതിലേക്ക് തള്ളിക്കയറ്റിയായിരിക്കും ചെവിക്ക് ഓട്ടയിട്ടത്. ഇങ്ങനെ സൃഷ്ടിക്കപ്പെട്ട ചെവികൊണ്ട് നാം തിന്മയുടെ ശബ്ദങ്ങൾ ശ്രവിക്കരുത്. ഇതിനാക്കാളുമൊക്കെ വളരെ സൂഷ്മമായിട്ടാണ് നമ്മുടെ നാവ് ദൈവം സൃഷ്ടിച്ചത് മൃഗങ്ങളുടെ നാക്കുകൊണ്ട് അവക്ക് സംസാരിക്കുവാൻ കഴിയില്ല. എന്നാൽ സഹജീവിയെ വളർത്താനും തകർക്കാനും കഴിവുള്ള ഒരു നാവാണ് നമുക്കുള്ളത്. മനുഷ്യന്റെ നാവിൽനിന്ന് തേൻ കട്ടയാണോ അണലിവിഷമാണോ പുറത്തുവരേണ്ടതെന്ന് അവൻ തന്നെയാണ് തീരുമാനിക്കുന്നത്.

മണ്ണുകൊണ്ട് മനുഷ്യനെ നിർമ്മിച്ച് അവന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. മനുഷ്യശരീരത്തിലും മണ്ണിലും അടങ്ങിയിരിക്കുന്ന ഘടകങ്ങൾ ഒന്നുതന്നെയാണ്. അതുകൊണ്ടാണല്ലോ മനുഷ്യൻ മണ്ണിലേക്ക് തന്നെ ലയിച്ചുചേരുന്നത്. മണ്ണിൽ നിന്നെടുക്കാത്ത ഒരു ഘടകം മനുഷ്യനിലുണ്ട്. അതവന്റെ ആത്മാവാണ്. മൃഗങ്ങൾക്കില്ലാത്ത ഈ ഘടകമാണ് മനുഷ്യനെ മറ്റ് ജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

മറ്റേതെങ്കിലും ജീവികളിൽ നിന്ന് പരിണമിച്ചല്ല മനുഷ്യനുണ്ടായതെന്ന് നിസംശയം പറയാം. മനുഷ്യശരീരത്തിലെ ഓാരോ അവയവത്തിന്റെ ഉപയോഗവും പ്രവർത്തനരീതിയും മറ്റൊരുജീവിക്കും ലഭിച്ചിട്ടില്ല. മനുഷ്യന്റെ കണ്ണിന് പകരം വെക്കാൻ ഒരു ക്യാമറക്കും കഴിയുകയില്ല. മനുഷ്യന്റെ കണ്ണിനെക്കാൾ ശക്തിയുള്ള ക്യാമറകളും ദൂരെയുള്ള സംവിധാനവുമൊക്കെ മനുഷ്യൻ കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെ ലഭിക്കുന്ന ചിത്രങ്ങൾ വിശകലനം ചെയ്യുവാനും വിവേചിച്ചറിയാനും മനുഷ്യന്റെ കണ്ണുകൾ തന്നെ വേണം

മനുഷ്യന് കൃത്രിമ കാലുണ്ടാക്കാൻ കഴിഞ്ഞേക്കാം എന്നാൽ അത് എന്നും കൃത്രിമം തന്നെയാണ്. യഥാർത്ഥ കാലിന്റെ പ്രയോജനമോ സംതൃപ്തിയോ അത് ഉപയോഗിക്കുന്നവന് ലഭിക്കുന്നില്ല. കൃത്രിമ കാലുവെച്ചതുകൊണ്ട് അവൻ വിഗലാംഗൻ അല്ലാതാകുന്നില്ല. മനുഷ്യന്റെ തലച്ചോറിന് പകരം വെക്കാവുന്ന ചോറും ഇത് വരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇനി ശാസ്ത്രം എത്ര പുരോഗതി പ്രാപിച്ചാലും ഇക്കാര്യം സാധിക്കുകയുമില്ല മനുഷ്യന്റെ കൈവിരലുകൾ ശ്രദ്ധിച്ചാലറിയാം അത് പരിണമിച്ച് ഉണ്ടായതല്ല പ്രത്യുത പ്രത്യേകം ഡിസൈൻ ചെയ്ത് നിർമ്മിച്ചതാണ്. പ്രപഞ്ചത്തിന് രൂപം കൊടുത്ത എഞ്ചിനിയർ തന്നെയാണ് മനുഷ്യനെയും രൂപപെടുത്തിയതെന്ന് ഉറപ്പാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവന് ജീവൻ നൽകിയപ്പോൾ അവന്റെ ഉള്ളിൽ ഒരു പമ്പ്സെറ്റ് ഘടിപ്പിച്ചുകൊടുത്തു അതാണ് മനുഷ്യ ഹൃദയം. മനുഷ്യശരീരത്തിലെ ഓാരോ കോശങ്ങളിലേക്കും പോഷകഘടകങ്ങളും ഓക്സിജനും എത്തിക്കാൻ വേണ്ടി സ്ഥാപിതമായതാണ് ഈ അത്ഭുത പമ്പ്സെറ്റ്.

തലച്ചോറിലും ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലുമെല്ലാം ഓക്സിജൻ എത്തിക്കുന്നതിന് ഹൃദയം ഉപയോഗിക്കുന്നത് രക്തത്തെയാണ്. തലച്ചോറിലേക്ക് രണ്ട് മിനിറ്റ് നേരത്തേക്ക് രക്തം എത്തിച്ചില്ലെങ്കിൽ (ഓക്സിജൻ ലഭിച്ചില്ലെങ്കിൽ) ആ വ്യക്തി മരണമടയുന്നു. അതായത് മനുഷ്യന് പ്രാണവായു എത്തിക്കുന്നത് രക്തമാണ്. അതുകൊണ്ടാണ് ജീവൻ രക്തത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് ബൈബിൾ പറയുന്നത്. രക്തം വാർന്നുപോയാൽ വ്യക്തി മരിച്ചുപോകുന്നത് അതുകൊണ്ടാണ്.ശ്വാസകോശത്തിൽ നിന്നും ഓക്സിജൻ സ്വീകരിച്ച് ശരീരകോശങ്ങളിൽ എത്തിക്കുകയും അവിടെ നിന്ന് കാർബൺ ഡൈ ഓക്സൈഡിനെ തിരിച്ച് ശ്വാസകോശത്തിലെത്തിക്കുന്നതും ഹൃദയമാണ്. ഒരു ദിവസം ഒരു ലക്ഷത്തിലധികം പ്രാവശ്യം ഒരാളുടെ ഹൃദയമിടിക്കുന്നു. ഹൃദയമാകുന്ന പമ്പിന്റെ പ്രവർത്തനത്തിൽ അതിന്റെ വാൽവുകളുടെ പ്രവർത്തനം അത്ഭുതകരമാണ്. ഒരു വശത്തേക്കുമാത്രം തുറക്കുന്ന വാൽവുകളുള്ളതുകൊണ്ടാണ് രക്തം പുറപ്പെടുവിക്കുന്ന അറകളിലേക്ക് തന്നെ വീണ്ടും തിരിച്ചു കയറാത്തത്

ഈ ഹൃദയപമ്പിന്റെ പ്രവർത്തനം നിലച്ചാൽ അതായത് പ്രാണവായുവും പോഷകഘടകങ്ങളും മനുഷ്യകോശങ്ങളിൽ എത്താതിരുന്നാൽ നിമിഷങ്ങൾക്കുള്ളിൽ വ്യക്തി മരിക്കുന്നു. ഹൃദയ ധമനികളിൽ രക്തകട്ട ഉണ്ടാവുകയും ധമനികളുടെ വ്യാസം കുറയുകയും ചെയ്താൽ (ജീവിതശൈലീരോഗങ്ങൾ ഉദാഹരണത്തിന് കൊളസ്ട്രോൾ വർദ്ധിച്ചാൽ ഇങ്ങനെ സംഭവിക്കാൻ സാദ്ധ്യതകൂടുതലാണ്) ഹൃദയപേശികൾ പ്രവർത്തനരഹിതമാകും ഇതിനാലാണ് ഹൃദ്രോഗം എന്ന് വിളിക്കുന്നത്. ഹാർട്ട് അറ്റാക്കും ഹാർട്ട് ഫെയിലറുമെല്ലാം ഈ പമ്പിലുണ്ടാകുന്ന സാങ്കേതിക തകരാറുകളാണ്.

മനുഷ്യശരീരത്തിലെ രക്തചംക്രമണ വ്യവസ്ഥ ശ്രദ്ധിച്ചാൽ സൃഷ്ടിയുടെ മഹാത്മ്യം നമുക്ക് മനസ്സിലാകും. ഹൃദയം പമ്പ്ചെയ്യുന്ന രക്തം ആദ്യം വലിയ ധമനികളിൽ എത്തുന്നു. അവിടെ നിന്നും സൂക്ഷ്മ ദർശനികളിൽ കൂടി നോക്കിയാൽ മാത്രം കാണാവുന്ന തരത്തിലുള്ള അത്യന്തം നേർത്ത രക്തകുഴലുകളിലൂടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരുന്നു. നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത നമ്മുടെ ശരീര കോശങ്ങളിലേക്ക് അതിസൂക്ഷ്മമായ രക്തകുഴലുകൾ വഴി പോഷകഘടകങ്ങളും ഓക്സിജനും എത്തിക്കുന്ന കടമ ദൈവം ഏൽപിച്ചത് രക്തത്തെയാണ്. മനുഷ്യന്റെ കോശങ്ങളിൽ നിന്ന് വിസർജ്യവസ്തുക്കളെയും കാർബൺഡൈ ഓക്സൈഡിനെയും വഹിച്ചുകൊണ്ട് രക്തം പിന്നെയും അതിന്റെ ഓട്ടം തു

ശേഷം പേജ് 13



## അമേരിക്കൻ താൾ

# ബംഗാളിനെ സ്നേഹിക്കുന്ന ദമ്പതികൾ

**പതിനെട്ടാം വയസിൽ കാഷ്മീരിൽ മിഷനറിയായി പോവുക. കാഷ്മീരിന്റെ അപ്പോസ്തലനായിരുന്ന ക്യാപ്റ്റൻ സാമുവലിന്റെ പാസ്റ്ററായിരിക്കുക. ഈ അത്യപൂർവ്വ ഭാഗ്യത്തിനുടമയാണ് റവ.ഡോ.കെ.സി ചാക്കോ.**



പതിനെട്ടാം വയസിൽ കാഷ്മീരിൽ മിഷനറിയായി പോവുക. കാഷ്മീരിന്റെ അപ്പോസ്തലനായിരുന്ന ക്യാപ്റ്റൻ സാമുവലിന്റെ പാസ്റ്ററായിരിക്കുക. ഈ അത്യപൂർവ്വ ഭാഗ്യത്തിനുടമയാണ് റവ.ഡോ. കെ.സി ചാക്കോ. പ്രഗത്ഭനായ അദ്ധ്യാപകൻ, മികച്ച പ്രഭാഷകൻ, അനുഗ്രഹീതനായ സഭാശുശ്രൂഷകൻ, ശക്തനായ മിഷൻ ലീഡർ തുടങ്ങി വ്യത്യസ്തവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുമായ നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഈ ദൈവഭൃത്യൻ ഇപ്പോൾ ഹൂസ്റ്റണിലെ ഐ.പി.സി ബഥേൽ സഭയുടെ ശുശ്രൂഷകനും, വെസ്റ്റ് ബംഗാളിലെ ഇമ്മാനുവൽ ചർച്ച് ഓഫ് ഗോഡ് എന്ന മിഷനറി പ്രസ്ഥാനത്തിന്റെ ഡയറക്ടറുമാണ്.

ചിറ്റാറിൽ കല്ലുമണ്ണിൽ കുടുംബത്തിൽ കെ.ഐ ചാക്കോയുടെ മകനായി 1954-ൽ ജനിച്ചു. യാക്കോബായ കുടുംബത്തിൽ നിന്ന് മാതാവാണ് ആദ്യം വിശ്വാസത്തിലേക്ക് വന്നത്. മാതാവിന്റെ നിരന്തര പ്രാർത്ഥനയും വിശ്വാസ ജീവിതവും ദൈവവിശ്വാസം ഇല്ലാത്ത ജീവിതം നയിച്ചിരുന്ന ചാക്കോച്ചനെ ക്രിസ്തുവിന്റെ സന്നിധിയിലെത്തിച്ചു. 1967-ൽ ഈ കുടുംബം ചിറ്റാറിൽ നിന്ന് പാലക്കാട്ടേക്ക് കുടിയേറി.

മക്കളിൽ ഏഴാമനായ കെ.സി ചാക്കോ 10-ാം വയസിൽ ഒരു സണ്ടേസ്കൂൾ ക്ലാസിൽ വെച്ച് രക്ഷിക്കപ്പെട്ടു. കൃപാവരങ്ങളോടെ ആത്മനിറവ് പ്രാപിച്ച ചാക്കോ ജീവിതം കർത്താവിനായി സമർപ്പിച്ചു. പത്താം ക്ലാസ് കഴിഞ്ഞപ്പോൾ നേരെ കോട്ടയത്ത് പി.എം ഫിലിപ്പ് സാറിന്റെ ബൈബിൾ സ്കൂളിൽ എത്തി. രണ്ടു വർഷം വചന പഠനം. പഠനാനന്തരം അൽപ്പകാലം തലയോലപ്പറമ്പിൽ പാസ്റ്റർ ബാബു ഏബ്രഹാമിന്റെ കൂടെ പ്രവർത്തന പരിശീലനം. അതേ വർഷം തന്നെ - 1973-ൽ ഫിലിപ്പ് സാറിന്റെ പ്രത്യേക താല്പര്യപ്രകാരം കാഷ്മീരിലേക്ക്. ഉദംപൂരിലെ ഗഡിസഭയിൽ 18-ാം വയസിൽ പാസ്റ്ററായി നിയമനം. അന്ന് മിലിട്രിയിലെ ക്യാപ്റ്റനായിരുന്ന ക്യാപ്റ്റർ എ.എം സാമുവൽ ആ സഭയിലെ സജീവ അംഗമായിരുന്നു. അദ്ദേഹം കെ.സി ചാക്കോയുടെ പ്രസംഗങ്ങൾ ട്രാൻസലേറ്റ് ചെയ്യുകയും മിനിസ്ട്രിയിൽ സഹായിക്കുകയും ചെയ്തിരുന്നു. 1975-ൽ ക്യാപ്റ്റൻ ജോലി രാജി വെച്ച് സഭയുടെ ശുശ്രൂഷ ഏറ്റെടുത്തതോടെ കെ.സി.ചാക്കോ വീണ്ടും ദൈവവചന പഠനത്തിന് ബറിയൻ ബാപ്റ്റിസ്റ്റ് ബൈബിൾ കോളജിലേക്ക്. അവിടെ നിന്ന് ബിടിഎച്ചും ബിഡിയും ഒപ്പം മൈസൂർ യൂണിവേഴ്സിറ്റിയുടെ ബിഎയും സമ്പാദിച്ചു. 1979-83 വരെ മാവേലിക്കരയിൽ പാസ്റ്റർ പി.ജെ ദാനിയേൽസാറിന്റെ ബൈബിൾ സ്കൂളിൽ അദ്ധ്യാപകനായി പ്രവർത്തിക്കുകയും തഴക്കരയിൽ സഭാപ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

1984-ൽ അമേരിക്കയിലെക്ക് ഇമിഗ്രന്റായി കുടിയേറുവാനുള്ള അവസരം ലഭിച്ചു. അതേ വർഷം തന്നെ നാട്ടിൽ മടങ്ങിപ്പോയി കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചു. കത്തോലിക്കാ സഭയിൽ നിന്ന് ഏകയായി വിശ്വാസത്തിലേക്ക് വന്ന തൊടുപുഴ സ്വദേശിനി സെലിനായിരുന്നു വധു. വിവാഹാനാന്തരം ഭാര്യയെ നാട്ടിലാക്കിയശേഷം കെ.സി ചാക്കോ തിരികെ അമേരിക്കയിലെത്തി. ഫിലദൽഫിയയിൽ ഒരു ജോലിയും നേടി ജീവിതം പതുക്കെ ആരംഭിച്ചു. എല്ലാതകിടം മറിഞ്ഞത് വളരെ പെട്ടെന്നായിരുന്നു. 1985-ൽ മാരകമായ എൻസഫ്ലൈറ്റീസ് (Encephalities) എന്ന രോഗം ബാധിച്ച് മരണാസന്നനായി. ചിക്കൻ പോക്സിന്റെ തുടർച്ചയായി വന്ന ഈ രോഗത്തെ തുടർന്ന് കാഴ്ചശക്തിയും സംസാരശേഷിയും നഷ്ടപ്പെട്ട് 16 ദിവസം മൃതശരീരം പോലെ ആശുപത്രിയിൽ കിടന്നു. ശരീരതൂക്കം 50 പൗണ്ട് കുറഞ്ഞു. ജീവൻ തിരിച്ചു കിട്ടായാൽ പോലും എഴുന്നേറ്റ് നടക്കാൻ സാധ്യതയില്ലായെന്ന് നസറത്ത് ഹോസ്പിറ്റലിലെ വിദഗ്ദ ഡോക്ടർമാർ വധിയെഴുതി. മരിക്കുന്നതിന് മുമ്പ് ഭാര്യക്ക് ഭർത്താവിനെ വന്നുകാണാൻ വിസിറ്റ് വിസ അനുവദിക്കപ്പെട്ടു. അങ്ങനെ സെലിൻ അമേരിക്കയിലെത്തി.

ഭാര്യയുടെ പരിചരണത്തിൽ രണ്ടു മാസം. രോഗം പൂർണ്ണമായി മാറി. മരണത്തിൽ നിന്ന് അത്ഭുതകരമായ മടങ്ങി വരവ് ദൈവപ്രവൃത്തിക്കു വേണ്ടിയുള്ള പുനർജന്മമാണെന്ന് കെ.സി ചാക്കോ തിരിച്ചറിഞ്ഞു. അതോടെ ജോലി ചെയ്ത് അമേരിക്കയിൽ ജീവിക്കുക എന്ന ചിന്ത ഉപേക്ഷിച്ച് ജോലി രാജിവെച്ച് ബൈബിൾ സ്കൂളിൽ പഠിക്കാൻ തീരുമാനിച്ചു.

വെസ്റ്റ് മിനിസ്റ്റർ തിയോളജിക്കൽ സെമിനാരിയിൽ ചേർന്ന് മാസ്റ്റേഴ്സ് ഓഫ് ആർട്സ് & റിലീജിയൻ എന്ന ഡിഗ്രി കോഴ്സ് ചെയ്തു. പിന്നീട് പഴയനിയമത്തിൽ ടി.എച്ച്.എം.ഉം പാസ്റ്ററൽ മിനിസ്ട്രി & കൗൺസിലിങ്ങിൽ ഡിമിനും എടുത്തു. തുടർന്ന് കൗൺസിലിങ്ങിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയും നേടി. കൗൺസിലിങ്ങിലുള്ള പഠനവും താല്പര്യവും വർധിച്ചപ്പോഴാണ് നാട്ടിൽ ക്വാളിറ്റിയുള്ള ഒരു കൗൺസലിംഗ് കോഴ്സ് ആരംഭിക്കണമെന്ന താല്പര്യം ഉദിച്ചത്. അങ്ങനെ തൊടുപുഴയിൽ സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള കൗൺസിലിംഗ് പരിശീലന സ്ഥാപനം ആരംഭിച്ചു. ഡോ.ഐസക് വി മാത്യുവായിരുന്നു ഈ സ്ഥാപനത്തിന്റെ ഡയറക്ടർ. മികച്ച ലൈബ്രറി ഉൾപ്പെടെയുള്ള ഈ സ്ഥാപനം ഈ വർഷം മുതൽ ഐ.പി.സി കേരളാ സ്റ്റേറ്റിന്റെ ചുമതലയിൽ കുമ്പനാട്ട് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ അവസാനഘട്ടത്തിലാണ്.

1987 ൽ ന്യൂജഴ്സിയിലെ എഡിസനിൽ ചെറിയൊരു സഭക്ക് തുടക്കം കുറിച്ചു. 1994-ൽ കാനഡയിലെ കേരളാ ക്രിസ്ത്യൻ അസംബ്ലിയുടെ തുടക്കകാലത്ത് ശുശ്രൂഷകനായി. ഏഴു വർഷം കൊണ്ട് 65ലധികം കുടുംബങ്ങളുള്ള ക്രമീകൃത സഭയായി അത് വളർന്നു.

2000ത്തിൽ വീണ്ടും രോഗം കുടുംബത്തെ പിടിച്ചുലച്ചു. ഇത്തവണ സെലിനെയാണ് രോഗം വേട്ടയാടിയത് അതും ക്യാൻസറിന്റെ രൂപത്തിൽ. കാനഡയിൽ വെച്ച് ഓപ്പറേഷൻ നടത്തി. 2000 മുതൽ ഏഴു വർഷങ്ങൾ ഐ.പി.സി ഹൂസ്റ്റൺ ഹോബ്രോൻ സഭയിൽ ശുശ്രൂഷിച്ചു. സെലിന്റെ രോഗസൗഖ്യത്തെ തുടർന്നാണ് ബംഗാളിൽ മിഷനറി പ്രവർത്തനം ആരംഭിക്കുക എന്ന നിർണ്ണായക തീരുമാനം എടുത്തത്. സെലിന്റെ ജോലിയിൽ നിന്നു കിട്ടുന്ന വരുമാനം ആ മിനിസ്ട്രിക്ക് വേണ്ടി മാറ്റുവാൻ തീരുമാനിച്ചു.

**? എന്തുകൊണ്ടാണ് ബംഗാൾ തിരഞ്ഞെടുത്തത്**

1999 ലാണ് ഞാൻ ആദ്യമായി ബംഗാളിലെത്തുന്നത്. അവിടെ മാൽഡ ഡിസ്ട്രിക്റ്റിൽ എന്റെ ഭാര്യാ സഹോദരനായ പി.ജെജോസഫിന് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉണ്ട്. വില്യം കേറി മിഷനറി പ്രവർത്തനത്തിനായി ചെന്നിറങ്ങിയ ആദ്യ സ്ഥലമാണ് മാൾഡ. അവിടെയാണ് ഈ സ്കൂൾ. ഭാര്യാ സഹോദരനെ സന്ദർശിക്കാൻ ചെന്നപ്പോഴാണ് ബംഗാളിന്റെ ദയനീയമായ സാഹചര്യങ്ങൾ ഞാൻ തിരിച്ചറിഞ്ഞത്.

ഒരു പാലക്കാടൻ ഗ്രാമം പോലെ നെൽവയൽ നിറഞ്ഞ് പച്ച പുതച്ച ഗ്രാമങ്ങൾ. ഗ്രാമീണർക്ക് സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഒരു പുരോഗതിയുമില്ല. ഈ ഗ്രാമങ്ങളുടെ യഥാർത്ഥ മോചനം യേശുവിന്റെ സന്ദേശങ്ങളിലൂടെയേ സാധ്യമാകൂ എന്ന തിരിച്ചറിവാണ് ബംഗാൾ പ്രവർത്തന മേഖലയാക്കാൻ കാരണം.

**?ഇപ്പോൾ എന്തൊക്കെ പ്രവർത്തനമാണ് ബംഗാളിൽ നടക്കുന്നത്?**

ഇമ്മാനുവേൽ ചർച്ച് ഓഫ് ഗോഡ് എന്ന പേരിലുള്ള സഭാപ്രവർത്തനത്തിൽ ഇപ്പോൾ 70 ലോക്കൽ സഭാ കൂടിവരവുകൾ ഉണ്ട്. വലിയ സഭകളല്ല. 40 മുതൽ 120 വരെ അംഗങ്ങളുള്ള സഭകൾ. ഇതിൽ 16 സ്ഥലങ്ങളിൽ 4-ാം ക്ലാസുവരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ സഭാഹളിനോട് ചേർന്ന് നടത്തുന്നു. നമ്മുടെ പ്രവർത്തകനായ പാസ്റ്ററെ കൂടാതെ ഓരോ സ്കൂളിലും ഓന്നോ രണ്ടോ ടീച്ചേഴ്സിനേയും നിയമിച്ചാണ് സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നത്. ഈ മേഖലയുടെ സമഗ്ര വികസനത്തിന് വിദ്യാഭ്യാസം അനിവാര്യമാണെന്ന് ബോധ്യമായതിനാലാണ് സഭകളോടു ചേർന്ന് സ്കൂളുകൾ ആരംഭിച്ചത്. കൂടാതെ 300 ഓളം കുട്ടികളെ സഹായിക്കുന്ന കമ്പാഷൻ പ്രൊജക്റ്റ്, സ്ത്രീകൾക്കു വേണ്ടി ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ക്ലിനിക്കുകൾ, വയോജന വിദ്ധ്യാഭ്യാസ ക്ലാസുകൾ എന്നിവയും സഭയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ക്രമീകൃതമായ ബൈബിൾ സ്കൂളും പ്രവർത്തിക്കും.

**? ബംഗാളിൽ മറ്റ് ക്രൈസ്തവരും, കമ്മ്യൂണിസറ്റുകളും ഈ പ്രവർത്തനങ്ങളെ എങ്ങനെ കാണുന്നു**

സി.എൻ.ഐ സഭകൾ സിറ്റികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവയാണ്. സുവിശേഷ പ്രവർത്തനങ്ങളിൽ അവർക്ക് പ്രത്യേക തല്പര്യമൊന്നുമില്ല. കമ്മ്യൂണിസ്റ്റുകാർ പൊതുവെ നമ്മുടെ പ്രവർത്തനങ്ങളോട് സഹകരിക്കുന്നു. എന്നാൽ ഗ്രാമങ്ങളിൽ ഒരാൾ ക്രിസ്ത്യാനിയായാൽ ആ സമൂഹത്തിൽ നിന്ന് നിഷ്കാസിതമാകുമെന്നതാണ് പ്രധാന പ്രശ്നം. ഈ വെല്ലുവിളിയെ അതിജീവിച്ച് പിടിച്ചു നിൽക്കുന്ന വിശ്വാസികൾ വളരെ ഉറപ്പുള്ളവരാകുമെന്നതാണ് ഇതിന്റെ മറുവശം.

ഡോ.കെ.സി ചാക്കോയും ഭാര്യ സെലിനും മകൾ റെയ്ച്ചലും ഡെബിയുമടങ്ങുന്ന കുടുംബം സമ്പൂർണ്ണ സമർപ്പണത്തോടെയും ദർശനത്തോടെയും കർതൃശുശ്രൂഷയിൽ അധ്വാനിക്കുന്നു.

# യുവജനപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യമായി: പാസ്റ്റർ പ്രസാദ് ജോർജ്ജ്

ദൈവം എന്നെ അമേരിക്കയിലയച്ചതും, ഞങ്ങൾ കുടുംബമായി ഇവിടെ താമസിക്കുന്നതും എല്ലാം ദൈവനാമമഹത്വത്തിന് കാരണമാകണം എന്ന ഉദ്ദേശത്തോടെയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്, ദൈവം എനിക്കു തന്ന പരിമിതമായ സാഹചര്യങ്ങളിൽ നിന്നു കൊണ്ട് കർതൃശുശ്രൂഷയിൽ പങ്കാളിയാകുകയെന്ന ദൗത്യം ഞാൻ നിർവ്വഹിക്കുന്നു. പാസ്റ്റർ പ്രസാദ് ജോർജ്ജ് പറയുന്നു.

പത്തനാപുരം പൊയ്കയിൽ ഡോ.ജോർജ്ജ് പി.ഉമ്മൻ-മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ച പ്രസാദ് 17-ാമത്തെ വയസിലാണ് അമേരിക്കയിലെത്തുന്നത്. നിരവധി സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിയായ പിതാവിന്റെ മാതൃക തന്നെയാണ് പ്രസാദിന്റെയും ജീവിതത്തെ സ്വാധീനിച്ചത്.

1983-ൽ ന്യൂയോർക്കിൽ പിതൃസഹോദരനായ പാസ്റ്റർ ജോയി പി. ഉമ്മന്റെ അടുത്തേക്കാണ് ആദ്യം എത്തുന്നത്. പിന്നീട് അതേ വർഷം തന്നെ ഹ്യൂസ്റ്റണിലേക്ക് താമസം മാറ്റി. കോളജ് ഓഫ് ബിബ്ലിക്കൽ സ്റ്റഡീസ് ഇൻ ഹ്യൂസ്റ്റണിൽ നിന്ന് ലീഡർഷിപ്പിൽ ബിരുദം സമ്പാദിച്ചു. ഇപ്പോൾ വിർജീനിയായിലെ ലിബർട്ടി സെമിനാരിയിൽ ഇന്റർകൾച്ചറൽ മിഷൻസിൽ മാസ്റ്റേഴ്സ് ചെയ്യുന്നു.

അമേരിക്കയിലെ ശാരോൻ ഫെലോഷിപ്പ് സഭകളുടെ സെക്രട്ടറി, മിഷൻ ഡയറക്ടർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഹൂസ്റ്റണിലെ യുവജനപ്രവർത്തനങ്ങളിലും ഐക്യപ്രവർത്തനങ്ങളിലും സജീവ നേതൃത്വം നൽകി വരുന്നു. ഹൂസ്റ്റണിലെ ഐ.സി.പി.എഫ്.പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.



*പാസ്റ്റർ പ്രസാദ് ജോർജും ഭാര്യ സൂസനും മക്കളായ ജാസ്മിൻ, ചാർളി, സാം എന്നിവരോടൊപ്പം*

ലോക്കൽ ചാപ്റ്റർ പ്രസിഡന്റായി പ്രവർത്തിച്ചു. ഹൂസ്റ്റണിൽ എല്ലാ വർഷവും നടക്കുന്ന ഐ.സി.പി.എഫ്. ക്യാമ്പിൽ അറുന്നൂറിലധികം കുട്ടികളെ പങ്കാളികളാക്കുവാൻ സാധിച്ചത് പ്രസാദ് ജോർജ്ജിന്റെ മികച്ച നേട്ടങ്ങളിലൊന്നാണ്.

"അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് യുവജനങ്ങൾ വളരെയധികം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. മാതാപിതാക്കളുടെ കൾച്ചറും അവർ ജനിച്ചു വളർന്ന രാജ്യത്തിന്റെ കൾച്ചറും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഈ പുതിയ തലമുറ പലപ്പോഴും കൈവിടപ്പെട്ടു പോകാറുണ്ട്. പ്രാർത്ഥനാപൂർവ്വം അവരെ ക്രിസ്തുവിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ സഭകളും ദൈവദാസന്മാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതുണ്ട്. യുവജനങ്ങൾക്കിടയിലെ സജീവപ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രസാദ്ജോർജ്ജ് പറയുന്നു."

ഇന്ത്യയിലെ നിരവധി പ്രവർത്തനങ്ങളിൽ പ്രസാദ് ജോർജ്ജ് പങ്കാളിയാണ്. ഹാർട്ട്ലാന്റ് ഇന്റർനാഷണൽ മിനിസ്ട്രിയുടെ ഡയറക്ടർമാരിലൊരാളാണ്. ഇടുക്കി ജില്ലയിലെ അണക്കരയിൽ നാല്പതിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു ഓർഫനേജ് ഈപ്രവർത്തനത്തിന്റേതായി നടത്തി വരുന്നു. മധ്യപ്രദേശിലെ ഷഡോളിൽ ബൈബിൾ ട്രെയിനിംഗ് സെന്ററും ട്രിച്ചിയിലും ഡൽഹിയിലും നിർധന വിദ്യാർത്ഥികൾക്കു വേണ്ടി ട്യൂഷൻ പ്രോഗ്രാമുകളും നടത്തുന്നു. കൂടാതെ വയോജന വിദ്യാഭ്യാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കഴിഞ്ഞ പത്തു വർഷമായി വർഷത്തിൽ രണ്ടു തവണയെങ്കിലും നാട്ടിൽ വന്ന് ഈ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും മിഷൻ കോൺഫ്രൻസുകളിൽ സംസാരിക്കുകയും ചെയ്യുന്നു.

ഭാര്യ: സൂസൻ ജോർജ്ജ്. മക്കൾ: ജാസ്മിൻ, ചാർളി, സാം.




# സ്വർഗ്ഗ നരക ദർശനം വിമർശനങ്ങൾക്കുള്ള മറുപടി

**റോബു ബാബു, ഭരണിക്കാവ്**

ഹാലേലുയ്യാ മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിച്ച വിശ്വാസ്യയോഗ്യമായ ഒരു ലേഖനം വായിക്കുകയുണ്ടായി. ഒരു കൊറിയൻ പ്രസ്ബിറ്റേറിയൻ ചർച്ചിന്റെ പാസ്റ്റർ മരിച്ചതായും അദ്ദേഹത്തെ സ്വർഗത്തിലും നരകത്തിലും കർത്താവു കാണിച്ചു കൊടുത്ത അനുഭവങ്ങളും വിവരിക്കുന്നുണ്ട്. മുമ്പ് ഈ സാക്ഷ്യത്തിന്റെ യഥാർത്ഥ ലേഖനം വായിച്ചതുകൊണ്ട് അനേക വിവർത്തന തെറ്റുകൾ കാണുകയുണ്ടായി. വളരെ നല്ല പ്രത്യാശയും മാനസാന്തരവും ഉളവാകുന്ന ഒരു സാക്ഷ്യം വിവർത്തന തെറ്റുകളും വെട്ടിക്കുറക്കലും കാരണം ഒരു കപട കഥ കേൾക്കുന്നതുപോലെയായിരുന്നു. വിമർശകർ ഇതിന്റെ യഥാർത്ഥ സാക്ഷ്യം വായിച്ചിരുന്നുവെങ്കിൽ വിമർശിക്കയില്ലായിരുന്നു.

കഴിഞ്ഞ ലക്കത്തിൽ വായിച്ച ഒരു വിയോജനക്കുറിപ്പ് ഈ സാക്ഷ്യം മുഴുവനായും കോട്ടിക്കളയുന്നതിൽ വളരെ ഖേദം തോന്നി. അതിലടങ്ങിയിരിക്കുന്ന വിമർശന ചോദ്യങ്ങൾക്കുള്ള മറുപടിയായാണ് ഈ കുറിപ്പ് എഴുതുന്നത്.

“അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളതു ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു”. (2 പത്രൊ 3:16)

കൊറിയൻ പാസ്റ്റർ പാർക്ക് യോങ് മത്രമല്ല അനേകർ ഈ അന്ത്യകാലത്ത് സ്വർഗ്ഗ-നരക യാത്ര നടത്തുന്നുണ്ട്. അത് യോവേൽ പ്രവാചകൻ മുഖാന്തിരം ദൈവം അരുളിച്ചെയ്ത ഒരു വാഗ്ദത്ത നിവർത്തിയാണ്. “അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും ... ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും. രക്തവും, തീയും പുകത്തൂണും തന്നെ” (യോവേൽ 2:28 -30).

മുകളിലത്തെ വാക്യത്തിൽ കർത്താവ് തന്റെ ദാസന്മാരെ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും എന്ന് പറയുന്നു.

**വിമർശനം-1**

സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല എന്ന് യേശു പറഞ്ഞു. ഇത് യേശു തന്റെ ക്രൂശുമരണത്തിന് മുമ്പ് പറഞ്ഞതാണ്. പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ “ഭൂമിയുടെ അധോഭാഗത്ത് സ്ഥിതി ചെയ്യുന്നു എന്ന് കരുതപ്പെടുന്ന “അബ്രഹാമിന്റെ മടിത്തട്ട്” അഥവാ ‘പറുദീസ’ എന്ന സ്ഥലത്ത് വിശ്രമിച്ചിരുന്നു. “യേശു അവനോട് ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോട് പറയുന്നു എന്നു പറഞ്ഞു” (ലൂക്കോസ് 23:43). ഇവിടെ യേശു കർത്താവ് ഏതു പറുദീസയെക്കുറിച്ചാണ് പറയുന്നത്? സ്വർഗത്തിൽ പോകുന്നതിനെക്കുറിച്ചാണോ? അല്ല യേശു കർത്താവ് മരിച്ച ഉടനെ സ്വർഗ്ഗത്തിൽ പോയോ?

“യേശു അവളോട് എന്നെ തൊടരുത്; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല” (യോഹ 20:17). പിന്നെ യേശു ഈ മൂന്ന് ദിവസം എവിടായിരുന്നു?

“യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യ പുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും”

ശരി ഈ മൂന്നു രാവും മൂന്നു പകലും യേശു കർത്താവ് എന്തു ചെയ്യുകയായിരുന്നു? നമുക്ക് വായിക്കാം.

“അവൻ ബദ്ധന്മാരെ പിടിച്ചു കൊണ്ടു പോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു” എന്നു പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നു വരുന്നില്ലയോ?

നിങ്ങൾക്ക് ഞാൻ പറയുന്നത് മനസ്സിലാവുന്നുണ്ടോ? യേശുവിന്റെ ക്രൂശുമരണം കാരണം “പറുദീസയിൽ” വിശ്രമിച്ചിരുന്ന പഴയനിയമ വിശുദ്ധന്മാർക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിച്ചു. യേശുവിന്റെ പുനരുത്ഥാനത്തിൽ എന്ത് സംഭവിച്ചു എന്നു നോക്കൂ.

“ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയർത്തെഴുന്നേറ്റ് അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ ചെന്ന് പലർക്കും പ്രത്യക്ഷമായി”.

ഇന്ന് എല്ലാ പഴയനിയമ വിശുദ്ധന്മാരും സ്വർഗ്ഗത്തിൽ കർത്താവിനോടു കൂടെ ആണ്. ഇന്ന് ക്രിസ്തുവിൽ മരിക്കുന്നവരുടെ ആത്മാക്കളും സ്വർഗ്ഗത്തിൽ ആണ്. അവരുടെ ശരീരമോ കല്ലറയിലാകുന്നു. പൗലോസ് എന്താണ് അതിനെക്കുറിച്ച് പറയുന്നത് എന്നു ശ്രവിക്കാം.

“ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു”. (2 കൊരി 5:8)

സഹോദരന്മാരെ, അതുകൊണ്ട് ക്രിസ്തുവിങ്കൽ മരിക്കുന്നവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ പോകുന്നു. അവരുടെ ശരീരമോ കല്ലറകളിൽ പുനരുത്ഥാനത്തിനായി കാത്തിരിക്കുന്നു. ക്രിസതുവിന്റെ രണ്ടാം വരവിൽ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാരുടെ ശരീരം രൂപാന്തരപ്പെടുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പഴയ നിയമ വിശുദ്ധന്മാരുടെ പുനരുത്ഥാനം യേശുവിന്റെ പുനരുത്ഥാനത്തോടൊപ്പം കഴിഞ്ഞു. വായിക്കൂ മത്തായി 27:51-54.

വിമർശകൻ തന്നെ പൗലോസ് മൂന്നാം സ്വർഗ്ഗത്തോളവും എടുക്കപ്പെട്ടു എന്നു പറയുന്നു. അതിനാൽ യേശു എന്ന മഹാപുരോഹിതൻ മുഖാന്തിരം ക്രിസ്തുവിൽ മരിക്കുന്ന വിശുദ്ധന്മാർക്ക് സ്വർഗത്തിൽ പ്രവേശനം ഉണ്ട്.

“അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക”.

**വിമർശനം - 2**

വൃത്തിഹീനമായ ഫ്ളാറ്റുകളും വൃത്തിഹീനമായ വസ്ത്രങ്ങളും

ഇത് വിവർത്തകന് പറ്റിയ തെറ്റാണ്. യഥാർത്ഥ ലേഖനം “SHABBY” എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ മലയാള പരിഭാഷ “തേജസ് കുറഞ്ഞത് എന്നാണ്” അഥവാ “Good but not great”

“സ്വർഗീയ ശരീരങ്ങളും ഭൗമ ശരീരങ്ങളും ഉണ്ട്; സ്വർഗീയ ശരീരങ്ങളുടെ തേജസ്സു വേറെ, ഭൗമ ശരീരങ്ങളുടെ തേജസ്സു വേറെ; സൂര്യന്റെ തേജസ്സു വേറെ, ചന്ദ്രന്റെ തേജസു വേറെ; നക്ഷത്രങ്ങളുടെ തേജസ്സു

ശേഷം പേജ് 6



# ട്രിനിറ്റി ബൈബിൾ കോളജ് ഗ്രാജുവേഷൻ



കോഴിക്കോട്: എ.ജി മലബാർ ഡിസ്ട്രിക്റ്റിന്റെ ചുമതലയിൽ നടത്തപ്പെടുന്ന കോഴിക്കോട് ട്രിനിറ്റി ബൈബിൾ കോളജിന്റെ 17-ാമത് ബിരുദദാന ചടങ്ങിൽ 21 പേർ വിവിധ കോഴ്സുകളിൽ ബിരുദം നേടി. ഏപ്രിൽ 3ന് നടന്ന ചടങ്ങിൽ പ്രിൻസിപ്പാൾ പാസ്റ്റർ വി.റ്റി ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ പ്രൊഫ മാത്യു പി തോമസ് മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. റവ.വി.സി ഏബ്രഹാം, റവ.ജോൺ വർഗീസ് എന്നിവർ ആശംസകൾ അറിയിച്ചു.

# ചർച്ച് ഓഫ് ഗോഡ് ഈസ്റ്റേൺ റീജിയൻ കൺവൻഷൻ

ന്യൂയോർക്ക്: ചർച്ച് ഓഫ് ഗോഡ് ഈസ്റ്റേൺ റീജിയൻ 23-ാമത് വാർഷിക കൺവൻഷനും റോബർട്ട് എഫ്. കുക്ക് ശതാബ്ദി ആഘോഷ സമ്മേളനവും മെയ് 24-26 വരെ യോങ്കേഴ്സ് പാമർ റോഡിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ ഡയറക്ടറും ഉണർവ്വ് പ്രഭാഷകനുമായ റവ.ഡോ.തിമോത്തി എം. ഹിൽ മുഖ്യ പ്രസംഗകനായിരിക്കും. ഞായർ രാവിലെ റീജിയനിൽ ഉൾപ്പെട്ട ദൈവസഭകളുടെ സംയുക്ത സഭാരാധനയും തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും. നോർത്ത് അമേരിക്കൻ ദൈവസഭകളുടെ റീജിയനുകളിൽ പ്രധാനപ്പെട്ട റീജിയനായ ഈസ്റ്റേൺ റീജിയന്റെ പ്രസിഡന്റ് പാസ്റ്റർ മോനി മാത്യുവിന്റെ നേതൃത്വത്തിലുള്ള വിപുലമായ ക്മ്മറ്റി ത്രിദിന കൺവൻഷന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിക്കുന്നു.

# ഐ.പി.സി.സെൻട്രൽ റീജിയൻ വാർഷിക കൺവൻഷൻ ചിക്കാഗോയിൽ

ചിക്കാഗോ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ നോർത്തമേരിക്കൻ സെൻട്രൽ റീജിയൻ വാർഷിക കൺവൻഷൻ മെയ് 10,11 തീയതികളിൽ നടന്നു. പാസ്റ്റർ ഫിലിപ്പ് പി.തോമസ് മുഖ്യപ്രസംഗകനായിരുന്നു. നോർത്തമേരിക്കൻ ഐ.പി.സി.റീജിയനുകളിൽ പ്രധാനപ്പെട്ട റീജിയനായ സെൻട്രൽ റീജിയന്റെ പ്രസിഡന്റ് പാസ്റ്റർ പി.സി.മാമ്മന്റെ നേതൃത്വത്തിലുള്ള വിപുലമായ കമ്മറ്റി അംഗങ്ങൾ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചു.

## ഭാരവാഹികൾ

പത്തനംതിട്ട: ഐ.പി.സി പത്തനംതിട്ട സെന്റർ സോദരീസമാജം ഭാരവാഹികൾ: പൊന്നമ്മ മാത്യു (പ്രസിഡന്റ്), ഷൈലജ മോൻസി (വൈസ് പ്രസിഡന്റ്), കുഞ്ഞൂഞ്ഞമ്മ മാത്യു (സെക്രട്ടറി), മിനി തോമസ് (ജോ.സെക്രട്ടറി), ഷേർളി ജിജി (ട്രഷറാർ).

## സുവിശേഷ പ്രവർത്തനം

വെച്ചൂച്ചിറ: മാറാ നാഥാ ഗോസ്പൽ മിഷന്റെ ആഭിമുഖ്യത്തിൽ മെയ് 1-ന് വെച്ചൂച്ചിറ കുന്നം ഐ.പി.സി.സഭയുടെ നേതൃത്വത്തിൽ ഏകദിന സുവിശേഷ പ്രവർത്തനവും പരസ്യയോഗവും നടന്നു. പാസ്റ്റർ തോമസ് മാത്യു നേതൃത്വം നൽകി. പാസ്റ്റർ ഏബ്രഹാം മാത്യു (യു.എസ്.എ) ഗോസ്പൽ മിഷന്റെ ചുമതല വഹിക്കുന്നു.

## ലീഡർഷിപ്പ് ട്രയിനിംഗ് കോഴ്സ്

കുമ്പനാട്: ശാരോൻ ഫെലോഷിപ്പ് കുമ്പനാട് ടൗൺ ചർച്ചിന്റെ നേതൃത്വത്തിലൂടെ 7 ദിവസത്തെ ലീഡർഷിപ്പ് ട്രെയിനിംഗ് കോഴ്സ് മെയ് 26 - ജൂൺ 1 വരെ ഇരവിപേരൂർ വൈ.എം.സി.എ ഹാളിൽ നടക്കും. ക്രമീകൃതമായ പഠ്യപദ്ധതി അനുസരിച്ച് പാസ്റ്റർമാരായ തോമസ് മാമ്മൻ, രാജു മേത്ര, പി.സി ചെറിയാൻ, ജോയി പാറയ്ക്കൽ, കെ.എസ് ശാമുവൽ, അനിൽ കൊടിത്തോട്ടം തുടങ്ങിയവർ ക്ലാസ് എടുക്കും. പാസ്റ്റർ ബെന്നി വെട്ടിയാർ നേതൃത്വം നൽകും. ഫോൺ: 9744776321

## വിബിഎസ്

നിലമ്പൂർ: രാമകുത്ത് ദിചർച്ച് ഓഫ് ആൾ പീപ്പിൾസിൽ വിബിഎസ് നടത്തി. പാസ്റ്റർ തമ്പി, മിനി തമ്പി, പ്രമോദ് എന്നിവർ നേതൃത്വം നൽകി.

# ഐ.പി.സി കോൺഫ്രൻസ് ഹൂസ്റ്റണിൽ

ഹൂസ്റ്റൺ: നോർത്തമേരിക്കൻ ഫാമിലി കോൺഫ്രൻസ് 2014 ജൂലൈ 24 -27 വരെ ഹൂസ്റ്റണിൽ നടക്കുമെന്ന് നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ അറിയിച്ചു. പാസ്റ്റർ ഏബ്രഹാം ചാക്കോ (കൺവീനർ), രാജു പന്നോലിൽ ഫ്ളോറിഡ (സെക്രട്ടറി), ചാക്കോ സ്റ്റീഫൻ ഫ്ളോറിഡ (ട്രഷറാർ), ഏബ്രഹാം മോനിസ് ജോർജ് ന്യൂയോർക്ക് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ബീന നൈനാൻ ഹൂസ്റ്റൺ (ലേഡീസ് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് അംഗങ്ങളും വിവിധ സംസ്ഥാനങ്ങളുടെ പ്രതിനിധികളും ലോക്കൽ കമ്മറ്റിയും അടങ്ങുന്ന ഒരു ടീമാണ് ഹൂസ്റ്റൺ കോൺഫ്രൻസിനു നേതൃത്വം കൊടുക്കുന്നത്. മീഡിയ കോർഡിനേറ്ററായി ജയിംസ് ടി സാമുവൽ പ്രവർത്തിക്കുന്നു.

# സി.ഇ.എം. പ്രവർത്തനോദ്ഘാടനം

തിരുവല്ല: ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് 2013-15 വർഷങ്ങളിലെ പ്രവർത്തനോദ്ഘാടനം മെയ് 25-ന് പെരുമ്പാവൂർ ചർച്ചിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ കുര്യൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ റവ. ഡോ.റ്റി.ജി.കോശി ഉദ്ഘാടനം നിർവ്വഹിക്കും. ഡോ.റ്റി.പി.ഏബ്രഹാം മുഖ്യ സന്ദേശം നൽകും. ജനറൽ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം പ്രവർത്തന വിശദീകരണവും നൽകും.

# സ്വർഗ്ഗ നരക ദർശനം വിമർശനങ്ങൾക്കുള്ള മറുപടി

*5ാം പേജ് തുടർച്ച*

വേറെ; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ട് ഭേദം ഉണ്ടല്ലോ. മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ"(1 കൊരി 15:40).

സ്വർഗ്ഗത്തിൽ വൃത്തിഹീനമായ ഫ്ളാറ്റുകളില്ല. വൃത്തിഹീനമായ വസ്ത്രങ്ങളോ ഇല്ല. വിവർത്തകന് വേണ്ടി ഞാൻ എല്ലാ ഹാലേലൂയ്യാ വായനക്കാരോടും ക്ഷമ ചോദിക്കുന്നു.

**വിമർശനം – 3**

സ്വർഗ്ഗത്തിൽ മരുഭൂമിയോ?

ഇത് വിവർത്തകന് പറ്റിയ തെറ്റാണ്. യഥാർത്ഥ ലേഖനം "wilderness" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. അതായത് "വിശാലമായ ഭൂപ്രദേശം".

**വിമർശനം – 4**

സ്വർഗ്ഗത്തിന് എങ്ങനെ ഗേറ്റുകളുണ്ട്? സ്വർഗ്ഗവും പുതിയ യെരുശലേമും ഒന്നാണോ?

എന്താണ് സ്വർഗ്ഗം? സ്വർഗത്തിന് പല പേരുകൾ ഉണ്ട്;

നിത്യമായ സാമ്രാജ്യം (ദാനി 4:3)

സ്വർഗീയ യെരുശലേം (എബ്രാ 12:22)

ഉന്നതവും പരിശുദ്ധവുമായ സ്ഥലം (യശ 57:15)

വിശുദ്ധവാസസ്ഥലം (ആവ 26:15)

മീതെയുള്ള യെരുശലേം (ഗലാ 4:26)

സ്വർഗ്ഗ രാജ്യം (മത്താ 3:2)

സഹോദരന്മാരെ, ദൈവം പുതിയ ആകാശവും പുതിയ. ഭൂമിയും സൃഷ്ടിക്കും. പക്ഷേ പുതിയ യരുശലേം പുതിയതായി സൃഷ്ടിക്കുന്നതല്ല. പുതിയ യരുശലേം ദൈവത്തിന്റെ കൂടാരമാണ്.

"ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടു കൂടെ വസിക്കും".

പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങിയാണ് കാണപ്പെടുന്നത്. പുതിയതായി സൃഷ്ടിച്ചതല്ല അത് ദൈവത്തിന്റെ ഭവനമാണ് അതുകൊണ്ട് യേശു കർത്താവ് പറയുന്നത്.

"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു'' (യോഹ 14:2). പിന്നെ എന്തിനാണ് പിതാവിന്റെ ഭവനമായ യരുശലേമിനെ പുതിയ യരുശലേം എന്ന് വിളിക്കുന്നത്? എന്തുകൊണ്ടെന്നാൽ ഈ ഭൂമിയിൽ ദൈവത്തിന്റെ നഗരം എന്ന പേരിൽ ഒരു യെരുശലേം യിസ്രായേലിൽ സ്ഥിതി ചെയ്യുന്നുണ്ടല്ലോ. അവിടെയാണല്ലോ നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും. പക്ഷേ ഈ ഭൂമിയും ആകാശവും ഒഴിഞ്ഞു പോകും. കർത്താവ് പുതിയ ആകാശവും, പുതിയ ഭൂമിയും സൃഷ്ടിക്കുമ്പോൾ, ദൈവത്തിന്റെ കൂടാരം അതിൽ സ്ഥാപിച്ചാൽ അതിനെ "പുതിയ യെരുശലേം" എന്ന പേരല്ലാതെ എന്ത് വിളിക്കും?

"ഹാഗാർ എന്നതു അറബി ദേശത്തു സീനായി മലയെ കുറിക്കുന്നു. അത് ഇപ്പോഴത്തെ യെരുശലേമിനോട് ഒക്കുന്നു; അത് തന്റെ മക്കളോടു കൂടെ അടിമയായല്ലോ ഇരിക്കുന്നത്. മീതെയുള്ള യെരുശലേമോ സ്വതന്ത്രയാകുന്നു. അവൾ തന്നെ നമ്മുടെ അമ്മ" (ഗലാ 4:25-26).

അതെ അവൾ തന്നെ നമ്മുടെ അമ്മ. അതുകൊണ്ട് നമുക്ക് യെരുശലേം എന്ന സ്വർഗ്ഗം ദർശിച്ച് ക്രിസ്തുവിനു വേണ്ടി ജീവിക്കാം.

"അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു. നമ്മുടെ പൗരത്വമോ സ്വർഗത്തിൽ ആകുന്നു". (ഫിലി 3:19-20)

അതുകൊണ്ട് സഹോദരന്മാരെ സ്വർഗ്ഗം ഒന്നേയുള്ളൂ. അത് മീതെയുള്ള യെരുശലേം. മൂന്നാം സ്വർഗ്ഗം എന്തെന്ന് തുടർന്ന് വായിക്കാം.





**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.




**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



## സണ്ടേസ്കൂൾ അദ്ധ്യാപക സെമിനാർ

റാന്നി: ഡബ്ല്യുഎംഇ സണ്ടേസ്കൂൾ മിനിസ്ട്രിയുടെ സംസ്ഥാനതല അദ്ധ്യാപക സെമിനാർ മെയ് 10ന് റാന്നി ബ്രദറൻ ഓഡിറ്റോറിയത്തിൽ നടക്കും. ക്രിസ്തേശുവിന്റെ ശുശ്രൂഷകനായിരിക്കുക എന്നതാണ് ചിന്താവിഷയം. ജനറൽ പ്രസിഡന്റ് റവ. ഒ.എം രാജുക്കുട്ടി സെമിനാർ ഉദ്ഘാടനം ചെയ്യും.

## സെന്റർ കൺവൻഷൻ

തിരുവനന്തപുരം: തിരുവനന്തപുരം സൗത്ത് സെന്ററിന്റെ കൺവൻഷൻ ഏപ്രിൽ 19-21 വരെ ചെങ്കോട്ടുകോണം സഭയുടെ നേതൃത്വത്തിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വൈ.റോബർട്ട് ഉദ്ഘാടനം ചെയ്തു. റവ.ഡോ.കെ.സി ജോൺ, പാസ്റ്റർ ഷാജു സി ജോസഫ്, റവ.തോമസ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

## ഡബ്ല്യൂ.എം.ഇ സണ്ടേസ്കൂൾ പരീക്ഷ

റാന്നി: ഡബ്ല്യൂ.എം.ഇ സണ്ടേസ്കൂൾ പരീക്ഷ ഏപ്രിൽ 27ന് കരിയംപ്ലാവിൽ നടന്നു. ജില്ലാ തല പരീക്ഷയിൽ വിജയികളായ ഇരുനൂറോളം കുട്ടികൾ പരീക്ഷ എഴുതി. ഡബ്ല്യൂ.എം.ഇ സണ്ടേസ്കൂൾ ഡയറക്ടർ ഡോ.എം.കെ സുരേഷ്, സെക്രട്ടറി നിബു അലക്സാണ്ടർ എന്നിവർ നേതൃത്വം നൽകി.

## സംയുക്ത വാർഷികം

